# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തുറവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 2-1340/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 2-1340/2023 തീയ്യതി: 20/12/2023

# ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 30-10-2023 | 07-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-10-2023 | 07-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ആശ എം.വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.പുഷ്പരാജ് വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രാജി മോൾ പി .സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.മോളി രാജേന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയ . പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി .സുചിത്ര ബി ഷേണായ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രഞ്ജിത് മോനായ് സി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ജാസ്മിൻ എം മുഹമ്മദ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ.കബീർ കെ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ശ്രീമതി.സിനി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 04-09-2022 |
| ശ്രീമതി.പാർവ്വതി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 05-09-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഷിയാസ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.വിനീത് എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി .ശാലിമോൾ.എം | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി .സജിത എസ് | വി.ഇ.ഒ (മനക്കോടം) | 01-04-2022 | 31-03-2023 |
| ശ്രീമതി .ആഷാമോൾ ആന്റണി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 21-12-2022 |
| ശ്രീ.പ്രമോദ് യു നായർ | ഫിഷറീസ് ഇൻസ്പെക്ടർ | 22-12-2022 | 31-03-2023 |
| ശ്രീ.ഫൗലാദ് എ എഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-10-2022 |
| ശ്രീ.ലൈജുമോൻ രാജപ്പൻ | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2022 | 31-03-2023 |
| ശ്രീ.സുനീഷ് കെ ജെ | വി.ഇ.ഒ (തുറവൂർ) | 01-04-2022 | 04-08-2022 |
| ശ്രീ.ഹാഷിഫ് എച്ച് | വി.ഇ.ഒ (തുറവൂർ) | 05-08-2022 | 07-03-2023 |
| ശ്രീമതി .സജിത എസ് | വി.ഇ.ഒ (തുറവൂർ) | 08-03-2023 | 31-03-2023 |
| ശ്രീമതി. കലാവതി | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 30-06-2022 |
| ശ്രീമതി.ബിന റാണി | ഹെഡ്മിസ്ട്രസ്സ് | 01-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തിബാധ്യതകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-3 |
| 5 | തെറ്റായ ശീർഷകത്തിൽ വരവ് വെച്ചു | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വാർഷിക കണക്കിൽ ആസ്തികൾ പൂർണമായും ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | വാടക- ഡിമാന്റിൽ ഉൾപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 19 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 20 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-12 |
| 21 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 22 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-14 |
| 23 | പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 24 | ലേലം ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-16 |
| 25 | വാടകയിനത്തിൽ കുടിശിക | 1-17 |
| 26 | പഞ്ചായത്ത് കെട്ടിട നിർമ്മാണ അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-18 |
| 27 | പഴയ അങ്കണവാടി കെട്ടിടം -ലേല നടപടികളുടെ വിവരം ലഭ്യമാക്കിയില്ല | 1-19 |

| | | |
|---|---|---|
| 28 | ഫ്യൂവൽ സ്റ്റേഷന്റെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തിയില്ല | 1-20 |
| 29 | സാമൂഹ്യ ക്ഷേമ പെൻഷൻ - മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകി | 1-21 |
| 30 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ സഹകരണ ബാങ്കിൽ അവശേഷിക്കുന്നു | 1-22 |
| 31 | പൊതുടാപ്പ് ഒഴിവാക്കുന്നതിനായി തുക ഒടുക്കി- പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-23 |
| 32 | ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയില്ല- കരാറുകാരന് അധിക തുക അനുവദിച്ചു | 1-24 |
| 33 | യഥാസമയം വെള്ളക്കരം ഒടുക്കിയില്ല- ഫൈൻ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നല്കി | 1-25 |
| 34 | വിവാഹധനസഹായം- അധിക നിരക്കിൽ തുക നല്കി | 1-26 |
| 35 | വീട് വാസയോഗ്യമാക്കൽ-വാല്യുവേഷനിലും അധികരിച്ച് തുക നൽകി | 1-27 |
| 36 | തുല്യതാ പരീക്ഷ-ഒരേ പഠിതാക്കൾക്കായി ഒന്നിലധികം തവണ തുക അനുവദിച്ചു | 1-28 |
| 37 | കാലിത്തീറ്റ വിതരണം -അധിക തുക സബ്സിഡി നൽകി | 1-29 |
| 38 | ഐ.കെ.എം-വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-30 |
| 39 | വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ- ഉപകരണങ്ങൾ വാങ്ങിയെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-31 |
| 40 | കന്നുകാലികൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും- പൂർണമായും വിതരണം ചെയ്തില്ല | 1-32 |
| 41 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തീകരിച്ചില്ല | 1-33 |
| 42 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-34 |
| 43 | മെൻസ്ട്രൽ കപ്പ്- വിതരണം പൂർത്തീകരിച്ചിട്ടില്ല | 1-35 |
| 44 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പ്രോജക്ട് -പൂർത്തീകരിച്ചില്ല | 1-36 |
| 45 | കുളം കല്ലുകെട്ടി സംരക്ഷിക്കൽ എസ്.സി.ഓഡിറ്റോറിയം -പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-37 |
| 46 | ടാർ ബാരൽ വിലയും ജി.എസ്.ടിയും കുറവു ചെയ്യുന്നത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു | 1-38 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 2-1 |
| 2 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-2 |
| | ഭാഗം **3** | |
| 1 | വിവാഹധനസഹായം- അധിക നിരക്കിൽ തുക നല്കി | 3-1 |

| | | |
|---|---|---|
| 2 | ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയില്ല- കരാറുകാരന് അധിക തുക അനുവദിച്ചു | 3-2 |
| 3 | വീട് വാസയോഗ്യമാക്കൽ-വാല്യുവേഷനിലും അധികരിച്ച് തുക നൽകി | 3-3 |
| 4 | തുല്യതാ പരീക്ഷ-ഒരേ പഠിതാക്കൾക്കായി ഒന്നിലധികം തവണ തുക അനുവദിച്ചു | 3-4 |
| 5 | കാലിത്തീറ്റ വിതരണം - അധിക തുക സബ്സിഡി നൽകി | 3-5 |
| 6 | യഥാസമയം വെള്ളക്കരം ഒടുക്കിയില്ല- ഫൈൻ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നല്കി | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.07.2023-ലെ കമ്മറ്റി 1(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

1.അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A).റേഷ്യോസ്

B).അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.31.10.2023) അടുത്ത സാമ്പത്തിക വർഷം മുതൽ റേഷ്യോസും, സെക്രട്ടറിയുടെ കുറിപ്പും ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി)

1-1-2 മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തിബാധ്യതകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയതിൽ വ്യത്യാസം

| ഇനം | 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2022-23 ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|
| 310900101- Excessof Income Over Expenditure | (-)36967569 | (-)36967539.5 |
| 312109901- Capital Contribution | 103716036 | 102974035 |
| 320100196-Integrated Child Development Scheme | 262151 | 1004152 |
| 350300112-Government And Other Dues Payable -Value Of Court Fee Stamp | 0 | 5 |
| 450210101-Nationalised Bank Account Of Own Revenue Fund | 24521993 | 24522028 |

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.31.10.2023) സാംഖ്യയിൽ നിന്നും ഐ.എൽ.ജി.എം-സിലേയ്ക്ക് പ്രാരംഭബാക്കി ക്രമീകരിച്ചപ്പോൾ സംഭവിച്ച പിഴവാണിതെന്നും അടുത്ത സാമ്പത്തിക വർഷം ഇത് ക്രമീകരിക്കുന്നതാണെന്നും മറുപടി നല്കി)

1-1-3 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [7388735/- രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [20774316/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.31.10.2023)ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ആയി വരുന്ന റിപ്പോർട്ടാണെന്നും ഇതിൽ വന്നിരിക്കുന്ന വ്യത്യാസം ഐ.കെ.എമ്മിൽ പരാതി നല്കി പരിഹരിക്കുന്നതാണെന്നും മറുപടി നല്കി.)

1-1-4 തെറ്റായ ശീർഷകത്തിൽ വരവ് വെച്ചു

A).180400101-Recovery From Employees - Audit Recovery Based On Charge Certificate, 180400104-Recovery From Employees - Audit Recovery Based On Surcharge Certificate എന്നീ ശീർഷകങ്ങളിൽ

യഥാക്രമം നല്കിയിട്ടുള്ള 21960/-രൂപ, 1044/-രൂപ എന്നിവ യഥാർത്ഥത്തിൽ ഈയിനങ്ങളിലുള്ള വരവുകളല്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതിദായകരിൽ നിന്നും ഈടാക്കിയ നികുതി നികുതിയേതര വരവുകളാണിതിൽ ഒട്ടുമിക്കവയും.

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.31.10.2023) അടുത്ത സാമ്പത്തിക വർഷം മുതൽ ശരിയായ ഹെഡിൽ തുകകൾ സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി നല്കി)

B). രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ-RP-45 പ്രകാരം 431400101-Rent Receivables From Buildings(Current) എന്നയിനത്തിൽ 227782/-രൂപ തൻവർഷത്തെ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ രജിസ്റ്ററിൽ 227016/-രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. പലിശയിനത്തിലുള്ള തുക തെറ്റായി വാടകയായി വരവ് വെച്ചതാണ് ഈ വ്യത്യാസത്തിനു കാരണം.(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.31.10.2023) വാടകയുടെ പലിശയിനത്തിലുള്ള തുക വാടകയിനത്തിൽ തെറ്റായി രേഖപ്പെടുത്തിയതാണ് ഈ വ്യത്യാസത്തിനു കാരണമെന്ന് അറിയിച്ചു.)

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.31.10.2023) തുടർന്നുള്ള വർഷങ്ങളിൽ ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നതാണെന്നറിയിച്ചു.)

1-1-6 വാർഷിക കണക്കിൽ ആസ്തികൾ പൂർണമായും ഉൾപ്പെടുത്തിയില്ല

A).ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 420800101-Investments Fixed Deposits എന്നയിനത്തിൽ 400000/-രൂപ മാത്രമാണ് ആസ്തിയായി കാണിച്ചിരിക്കുന്നത്. എന്നാൽ കാനറ ബാങ്കിലുള്ള സ്ഥിരനിക്ഷേപ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് (അക്കൌണ്ട് നം.3011401000788) പരിശോധിച്ചതിൽ 31.03.2023-ൽ 618407/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. 06.01.2016-ൽ കാനറാ ബാങ്കിൽ ആരംഭിച്ച ഈ സ്ഥിരനിക്ഷേപത്തിന് നാളിതുവരെ ലഭിച്ച പലിശ 218407/-രൂപ പഞ്ചായത്തിന്റെ വരവിലെടുത്തതായി കാണുന്നില്ല.

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.31.10.2023) 2023-24 സാമ്പത്തിക വർഷം പലിശയിനത്തിലുള്ള തുക വരവിലെടുത്തിട്ടുണ്ടെന്നറിയിച്ചു)

B).പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം 415120001-Local Self Government Institution Office Building-Land എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തിയതായി കാണുന്നില്ല.

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.31.10.2023) പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം മൂല്യനിർണ്ണയം ചെയ്ത് ലഭിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസ് മുഖേന നടപടി സ്വീകരിക്കുന്നതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നല്കി)

1-1-7 വാടക- ഡിമാന്റിൽ ഉൾപ്പെടുത്തുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം. 6, 8, 10, 12, 13, 14, 15, 16, 17, 18, 19, 20, 21, 22 എന്നീ കടമുറികളുടെ വാടക ഡിമാന്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.31.10.2023) കടമുറികളുടെ വാടക വർദ്ധനവുമായി ബന്ധപ്പെട്ട് നിലവിൽ കോടതിയിൽ കേസ് നിലനില്ക്കുന്നതിനാലാണ് തുക ഡിമാന്റിൽ ഉൾപ്പെടുത്താതിരുന്നതെന്നറിയിച്ചു).

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30/3/2022 തീയതിയിലെ1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 09.02.2023 തീയതിയിലെ 3(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 350591506 | 348021382 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 212828550 | 206957664 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25490111 |
| വരവ് | 71325457 |
| ആകെ | 96815568 |
| ചെലവ് | 50551141 |
| നീക്കിയിരിപ്പ് | 46264427 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | | 4299698 | 20013302 | 24313000 | 23494391 | 818609 (ലാപ്സായി) |
| വി.ഫണ്ട് (എസ്.സി.പി) | | 478981 | 8439019 | 8918000 | 7951704 | 966296 (ലാപ്സായി) |
| വി.ഫണ്ട് (ടി.എസ്.പി) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | | | 4690700 | 4690700 | 2382778 | 2307922 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | | | 7708000 | 7708000 | 5670412 | 2037588 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് -ട്രഷറി | | 0 | 2055554 | 2055554 | 1930881 | 124673 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ബാങ്ക് | 1534212 | 0 | 6342000 | 7876212 | 5556224 (5518164+ 38060) | 2319988 (നീക്കിബാക്കി) |
| 13-ാം ധനകാര്യ കമ്മീഷൻ | | | 1199051 | 1199051 | 952488 | 246563 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് -അൺടൈഡ് -ട്രഷറി | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ബാങ്ക് | 97041 | | 4395888 | 4492929 | 4322779 | 170150 (നീക്കിബാക്കി) |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 20013302 | 24313000 |
| ചെലവ് | 23494391 | 23494391 |
| നീക്കിയിരിപ്പ് | (-)3481089 | 818609 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 8439019 | 8918000 |
| ചെലവ് | 7951704 | 7951704 |
| നീക്കിയിരിപ്പ് | 487315 | 966296 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലം മുൻബാക്കി, വരവ്, നീക്കിയിരിപ്പ് എന്നിവയിൽ വ്യത്യാസം വന്നിട്ടുണ്ട്.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 1534212 |
| വരവ് | 8397554 | 8397554 |
| ആകെ | 8397554 | 9931766 |
| ചെലവ് | 7449045 | 7487105 |
| നീക്കിയിരിപ്പ് | 948509 | 2444661 |

4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 97041 |
| വരവ് | 5427051 | 5427051 |
| പലിശ | 0 | 167888 |
| ആകെ | 5427051 | 5691980 |
| ചെലവ് | 5275267 | 5275267 |
| നീക്കിയിരിപ്പ് | 151784 | 416713 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 196 | 127281843 | 113 | 77450777 | 44 | 39 | 57.65% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 75276 | 1791431 | 1866707 | 783553 | 1083154 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 75639447 | 75639447 | 75639447 | |
| ആകെ | 75276 | 77430878 | 77506154 | 76423000 | 1083154 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22800 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 5391600 | 405 |
| വിധവാ പെൻഷൻ | 9186800 | 883 |
| വാർദ്ധക്യകാല പെൻഷൻ | 24304000 | 2708 |
| വികലാംഗ പെൻഷൻ | 4090000 | 373 |
| അവിവാഹിത പെൻഷൻ | 1409400 | 125 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 210000 | 07 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2023 തീയതിയിൽ 3 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5664/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കു. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ(ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽചേർത്തവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യ നിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203-ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഉറവൂർ ഗ്രാമപഞ്ചായത്തിലെ നികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരവുമുള്ള വരവും വാർഷികക്കണക്ക് പ്രകാരവുമുള്ള വരവും തമ്മിലുള്ള അന്തരം

| ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്ക് | ബജറ്റും വരവും തമ്മിലുള്ള |
|---|---|---|---|

| | (₹)A | പ്രകാരമുള്ള വരവ്(₹)B | വ്യത്യാസം (₹)B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 3800000 | 3302110 | -497890 |
| തൊഴിൽ നികുതി (തൻവർഷം) | 2600000 | 1780780 | -819220 |
| വാടക വരവ് | 475000 | 280516 | -194484 |
| ഫീ & യൂസർ ചാർജ് | 936000 | 629603 | -306397 |
| സെയിൽ & ഹയർ ചാർജസ് | 170000 | 51256 | -118744 |
| പലിശ ലഭിച്ചത് | 750000 | 711172 | -38828 |
| മറ്റു വരവുകൾ | 8417382 | 8393338 | -24044 |
| ആകെ | 17148382 | 15148775 | -1999607 |

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.

2022-23 ലെ വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തുകയും വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മറ്റ് പ്രചാരണമാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തതിന്റെ ഫലമായി 100% നികുതി ലഭിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.08.2023-ലെ 2(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള നികുതി മാത്രമാണ് നിലവിൽ ഈടാക്കി തുടങ്ങാൻ പോകുന്നത്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി

നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സേവന ഉപനികുതിയും സർവ്വീസ് ചാർജും ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശ്രുപാർയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ) തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻകട ലൈസൻസികളിൽനിന്നും എല്ലാ വാർഡുകളിലുമുള്ള കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും, പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഫലവൃക്ഷങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.
3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
4. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.
5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന

മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-11 ഓഡിറ്റ് ഇംപാക്ട്

1)അങ്കണവാടി നിർമ്മാണത്തിനായുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് സബ്ഹെഡിംഗ് 2 -ചുറ്റുമതിലിനായുള്ള എസ്റ്റിമേറ്റ് ഐറ്റം 5 ആയും എം.ബുക്ക് നം. 72/20-21 പേജ് നം.46 പ്രകാരം സോളിഡ് ബ്ളോക്ക് ഉപയോഗിച്ചുള്ള ചുറ്റുമതിൽ നിർമ്മാണത്തിനായി DSR-CODE 50.6.2.3 പ്രകാരമുള്ള ഡാറ്റാ ഉപയോഗിച്ച് പ്രവൃത്തി നടപ്പിലാക്കിയത് അധികച്ചെലവിനിടയാക്കി.(solid Block Masonry Using Pre Cast Solid Blocks Of Size 30x20x15 Cm Or Nearst Available Size Confirming To IS2185 Part 1 Of 1979 For Super Structure Above Floor Two Level Up To Floor V Level Thickness 15 Cm And Above In CM 1:6 Etc. Complete). ചുറ്റുമതിൽ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി രണ്ടാംനില മുതൽ അഞ്ചാം നിലവരെയുള്ള ബിൽഡിംഗിന്റെ നിർമ്മാണ പ്രവർത്തനത്തിനായുള്ള നിരക്ക് ഉപയോഗിച്ചത് മൂലമുണ്ടായ 986/-രൂപയുടെ അധികച്ചെലവിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(29/4.11.23) നല്കിയതിനെ തുടർന്ന് അധികം ചെലവഴിച്ച 986 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് രസീത് ഹാജരാക്കി (രസീത് നം-1230101316/g040203 തീയതി – 7.11.23).ടി തുക പദ്ധതിയ്ക്കായി തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

2)2022-23 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ മാനയിൽ കുമ്മംപള്ളി നടപ്പാത നിർമ്മാണത്തിനായി 107.78 $M^3$ ക്വാറി മക്കം, 100.84 $M^3$ ഗുഡ് എർത്തും സപ്ളൈ ചെയ്തതിനായി കരാറുകാരന് 213538 രൂപ നല്കിയിട്ടുണ്ട്. നിയമാനുസൃതം ഈടാക്കേണ്ട 1% ആദായനികുതി ബില്ലിൽ നിന്നും കുറവു ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/3.11.23) മറുപടിയായി 2136/-രൂപ കരാറുകാരൻ ആദായനികുതി വകുപ്പിൽ അടച്ചതിന്റെ കൗണ്ടർഫോയിൽ ലഭ്യമാക്കിയിട്ടുണ്ട്.(CRN 23110200129656/3.11.23)

1-12 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, റിട്ടേണുകളും പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കി ഈടാക്കിയപ്പോൾ കുറവ് വന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | തസ്തിക | ആകെ അർദ്ധ വാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| മിൽമ, പട്ടണക്കാട് | അനിൽ കുമാർ.റ്റി. ജി | 2 | ഹെഡ് ലോഡ് വർക്കർ | 192664 | 1250 | 750 | 500 |

ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്തവർ

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| മനക്കോടം ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നം-A 201(ഡി)Apcos | 1&2 |
| പടിഞ്ഞാറെ മനക്കോടം ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നം-A 278(ഡി)Apcos | 1&2 |
| തുറവൂർ ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നം-A 87 (ഡി)Apcos | 1 &2 |
| കരാറുകാർ | 1 &2 |
| റേഷൻ കടകൾ | 1 &2 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/3.11.2023), മേൽ സൂചിപ്പിച്ച ജീവനക്കാരന്റെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 500/- രൂപ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കി ഒടുക്ക് വരുത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടൂറിസ്റ്റ് വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ) സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ എന്നതിനും മേൽ സൂചിപ്പിച്ചവരിൽ നിന്നും നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-12/3.11.23), മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വരും വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | കെ എസ് മനോജ് |
| 2 | കൃഷ്ണകുമാർ ജി |
| 3 | ഉണ്ണികൃഷ്ണൻ സി സി |
| 4 | അഭിലാഷ് പുരുഷോത്തമൻ |
| 5 | മനോജ് ആർ |
| 6 | ജയരാജ് ജെ |
| 7 | സി എ ബഷീർ |
| 8 | ദയാനന്ദ ബാബു |
| 9 | പി എസ് സുനിൽ കുമാർ |
| 10 | ജോബ് ടി ജെ |

| | |
|---|---|
| 11 | സോണി ജോസഫ് |

അപാകത ചൂണ്ടിക്കാട്ടി കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/3.11.23) മറുപടിയായി വരും വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

1-14 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ, 1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടത്തിലെ ചട്ടം 18,19 പട്ടിക 3 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസി/ സ്ഥാപനം | വാർഡ്/ കെട്ടിട നം. | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട മോട്ടോർ ഫീസ് |
|---|---|---|---|---|
| 1 | ഗംഗാധരൻ നായർ സൂര്യാ ട്രേഡേഴ്സ് | 4/537 | 7.5HP (അപേക്ഷ പ്രകാരം) | 100 |
| 2 | സേവ്യർ കിച്ചൺ കബോർഡ് നിർമ്മാണം | 3/300A | 7.5HP (അപേക്ഷ പ്രകാരം) | 100 |
| 3 | മധു റ്റി എ വെൽഡിംഗ് വർക്ക് ഷോപ്പ് | 7/279 B | 5 HP | 50 |
| 4 | കുമാരൻ ഫർണ്ണിച്ചർ നിർമ്മാണം | 10/245A | അപേക്ഷയിൽ യന്ത്രത്തിന്റെ കുതിര ശക്തി രേഖപ്പെടുത്തിയിട്ടില്ല. | മര ഉരുപ്പടികളുടെ നിർമ്മാണത്തിന് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉണ്ടായിരിക്കേ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല |
| 5 | ശുഭ കെ എസ് കൃഷ്ണാ ഫ്ലോർ മിൽ | 13/102A | 10 Hp | 100 |
| | ആകെ | | | 350 |

മേൽ അപാകതയ്ക്ക് കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/4.11.23)ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന 350/-രൂപ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പവർ കൃത്യമായി രേഖപ്പെടുത്താത്തവയുടെ ഹോഴ്സ് പവർ

കണ്ടെത്തിക്കൊണ്ട് പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ബാധകമായ ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് പഞ്ചായത്ത് പരിധിയിൽ യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

റേഷൻകടകൾ

കള്ളുഷാപ്പുകൾ

പാൽ സൊസൈറ്റികൾ(1 എണ്ണം ലൈസൻസ് എടുത്തിട്ടുണ്ട്)

സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ

ഓഡിറ്റോറിയങ്ങൾ

ചുവടെ ചേർത്തിരിക്കുന്ന സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല

| ക്രമ നം | സ്ഥാപനം, വാർഡ്/കെട്ടിട നമ്പർ |
|---|---|
| 1 | വെയിൽ മിറക്കിൾ, ഉറവൂർ<br>5/152 |
| 2 | സ്മൈൽ കെയർ ഡെന്റൽ ക്ളിനിക്ക്<br>5/142 |
| 3 | കാർത്തിക ആയുർവേദ ഹോസ്പിറ്റൽ |
| 4 | മൈ ഡെന്റിസ്റ്റ്<br>5/152b |
| 5 | അശ്വതി ഡെന്റൽ ക്ളിനിക്ക് |
| 6 | ഹരേ കൃഷ്ണ ഹോമിയോപതിക്ക് ക്ളിനിക്ക് |
| 7 | ബിനൂസ് ക്ളിനിക്ക്<br>5/679A |
| 8 | ലക്ഷ്മി ഹോമിയോ ക്ളിനിക്ക്<br>5/679B |
| 9 | ഡോ.ജയൻസ് ആയുർവേദ ക്ളിനിക്ക് |

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/3.11.2023) മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-16 ലേലം ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിൽ ലേല വരവ് 51256/- ഉണ്ടെങ്കിലും, ലേലവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിസ്റ്റ് (13/3.11.23)മറുപടി ലഭിച്ചില്ല. അതിനാൽ മേൽ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

## 1-17 വാടകയിനത്തിൽ കുടിശിക

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർത്തിരിക്കുന്ന കടമുറികളുടെ 2022-23 വർഷത്തെ വാടകയിൽ കുടിശ്ശികയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര്/കെട്ടിട നം | പ്രതിമാസ വാടക | 4/2022മുതൽ 3/2023 വരെ ആകെ കുടിശ്ശിക |
|---|---|---|---|
| 1 | ബിനു ലാൽ<br>V/487 | 1089 | 13068 |
| 2 | സാബു കെ എസ്<br>Room No-10 | 660 | 7920 |
| 3 | വിനോദ് കുമാർ<br>Room No-12 | 1038 | 12456 |
| 4 | രവി പി പിള്ള<br>Room No-13,14,15,16 | 2720 | 32640 |
| 5 | ബിനു ലാൽ<br>V/490 | 1233 | 14796 |
| 6 | ബിന്ദു<br>Room No-17,18,19,20 | 1932 | 23184 |
| 7 | ബിന്ദു<br>Room No-21,22 | 1040 | 12480 |

വാടക കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10 തീയതി.2.11.23) ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ 2022-23 വർഷത്തെ വാടക വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 16.6.2022 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(1) നമ്പർ തീരുമാന പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റിലും വർദ്ധനവ് വരുത്തുതിന് തിരുമാനിച്ചിരുന്നു. ആയത് എല്ലാ വാടകക്കാർക്കും രേഖാമൂലം അറിയിപ്പ് നൽകിയിരുന്നു. എന്നാൽ മേൽ പറഞ്ഞിട്ടുള്ള കടമുറികൾ വാടകയ്ക്ക് എടുത്തിരുന്ന വ്യക്തികൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് വർദ്ധിപ്പിച്ചതിനെതിരെ കോടതിയെ സമീപിച്ചിട്ടുള്ളതും ഒ.എസ്.357/2022 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തു. ബഹു.ചേർത്തല മുൻസിഫ് കോടതിയിൽ നിലവിൽ ടി കേസ് നടന്ന് വരുന്നതുമാണ്. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയമാകയാൽ കോടതി വിധിക്ക് അനുസൃതമായി തുടർനടപടി സ്വീകരിച്ചു, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് കെട്ടിട നിർമ്മാണ അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

പഞ്ചായത്ത് ഓഡിറ്റിന്റെ ഭാഗമായി 01.08.2022 മുതൽ 31.10.2023 വരെയുള്ള രസീത്

പരിശോധിക്കുകയുണ്ടായി. ഈ കാലയളവിൽ പെർമിറ്റ് അപേക്ഷ ഫീ, പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി.

സർക്കാർ ഉത്തരവ് (കൈ) നം.85/2023/lsgd/31.3.23 പ്രകാരം 10.04.2023 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ ഈടാക്കേണ്ടതാണ്. എന്നാൽ ഊറവൂർ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന അപേക്ഷകരിൽ നിന്ന് പെർമിറ്റ് അപേക്ഷ ഫീ, പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>പെർമിറ്റ് അപേക്ഷാ ഫീ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളവ</u>

| ക്രമ നം. | അപേക്ഷ നം., തീയതി | പേര് | വിസ്തൃതി (ച.മി) | ഈടാക്കേണ്ട അപേക്ഷാ ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | 2124117/ 22.8.23 | രാജേഷ്, തെക്കേത്തറ | 178.42 (പാർപ്പിടാവശ്യം) | 1000 | 300 | 700 |
| 2 | 2055048/ 20.6.23 | പീറ്റർ | 201.29 വാണിജ്യാവശ്യം | 1000 | 300 | 700 |
| 3 | 1989354/ 11.4.23 | അനമോദ് കുമാർ &ചിത്ര സി | 192.79 (പാർപ്പിടാവശ്യം) | 1000 | 30 | 970 |
| 4 | 1975355/ 11.4.23 | ആർ പ്രമോദ് | 85.06 (പാർപ്പിടാവശ്യം) | 300 | 30 | 270 |
| 5 | 1976029/ 12.4.23 | ശ്യാമള | 258.2 (പാർപ്പിടാവശ്യം) | 1000 | 30 | 970 |
| 6 | 1979957/ 28.4.23 | രാജേന്ദ്രൻ കെ വി | 199.02 (പാർപ്പിടാവശ്യം) | 1000 | 30 | 970 |
| 7 | 1981855/ 11.4.23 | ഇന്ദുലേഖ വി | 203.75 (പാർപ്പിടാവശ്യം) | 1000 | 30 | 970 |
| 8 | 1986166/ 11.4.23 | പ്രത്യുഷ വിജയൻ കെ | 204.41 (പാർപ്പിടാവശ്യം) | 1000 | 30 | 970 |
| 9 | 1986730/ 11.4.23 | ജീവാനന്ദ് സി &ആര്യ | 200 (പാർപ്പിടാവശ്യം) | 1000 | 30 | 970 |
| 10 | 1957940/ 11.4.23 | ശിവകുമാർ | 86.44 (പാർപ്പിടാവശ്യം) | 300 | 30 | 270 |
| 11 | 1966793/ 4.5.23 | സ്മിനീഷ് കെ | 123.53 (പാർപ്പിടാവശ്യം) | 1000 | 30 | 970 |
| 12 | 1970493/ 12.4.23 | ശാരദ, സൌമ്യ സജീവ്& ശ്രീകാന്ത് ധനഞ്ജയൻ | 84.78 (പാർപ്പിടാവശ്യം) | 300 | 30 | 270 |

| | | | | | | |
|---|---|---|---|---|---|---|
| 13 | 1974150/ 10.4.23 | സുധീഷ് എസ് | 163.31 (പാർപ്പിടാവശ്യം) | 1000 | 30 | 970 |
| 14 | 1853437/ 23.6.23 | സേവ്യർ വർഗീസ് | 242.25 (പാർപ്പിടാവശ്യം) | 1000 | 30 | 970 |
| 15 | 1682301/ 27.4.23 | മൈക്കിൾ പി എ &മനോജ് | 89.23 (പാർപ്പിടാവശ്യം) | 300 | 30 | 270 |
| 16 | 1701291/ 27.4.23 | പ്രസിദ് | 95.55 (പാർപ്പിടാവശ്യം) | 300 | 30 | 270 |
| 17 | 2014188/ 15.5.23 | പി വി പ്രസാദ് | 232.62 | 1000 | 30 | 970 |
| ആകെ | | | | | | 12450/- |

2. <u>പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളവ</u>

| ക്രമ നം. | അപേക്ഷ നം., തീയതി | പേര് | വിസ്തൃതി | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | 1682301/ 27.4.23 | മൈക്കിൾ പി എ &മനോജ് | 89.23 (പാർപ്പിടാവശ്യം) | 4461 | 312 230100303/ 16.5.23 | 4149 |
| 2 | 1701291/ 27.4.23 | പ്രസിദ് | 95.55 (പാർപ്പിടാവശ്യം) | 4778 | 334 1230100308/ 17.5.23 | 4444 |
| 3 | 2055048/ 20.6.23 | പീറ്റർ | 201.29 വാണിജ്യാവശ്യം | 12458 | 5436 1230100521/ 22.6.23 | 7022 |
| 4 | 1989354/ 11.4.23 | അനമോദ് കുമാർ &ചിത്ര സി | 192.79 (പാർപ്പിടാവശ്യം) | 19279 | 1350 1230100051/ 13.4.23 | 17929 |
| 5 | 975355/ 11.4.23 | ആർ പ്രമോദ് | 85.06 (പാർപ്പിടാവശ്യം) | 4253 | 595 230100469/ 14.6.23 | 3658 |
| 6 | 1981855/ 11.4.23 | ഇന്ദുലേഖ വി | 203.75 (പാർപ്പിടാവശ്യം) | 20375 | 1426 230100134/ 27.4.23 | 18949 |
| 7 | 1986166/ 11.4.23 | പ്രത്യുഷ വിജയൻ കെ | 204.41 (പാർപ്പിടാവശ്യം) | 20441 1230100113/ 26.4.23 | 1431 1230100113/ 26.4.23 | 19010 |

| | | | | | | |
|---|---|---|---|---|---|---|
| 8 | 986730/ 11.4.23 | ജീവാനന്ദ് സി &ആര്യ | 200 (പാർപ്പിടാവശ്യം) | 20000 | 1400 230100353/ 24.5.23 | 18600 |
| 9 | 1957940/ 11.4.23 | ശിവകുമാർ | 86.44 (പാർപ്പിടാവശ്യം) | 4322 | 303 1230100536/ 23.6.23 | 4019 |
| 10 | 966793/ 4.5.23 | സ്മിനീഷ് കെ | 123.53 (പാർപ്പിടാവശ്യം) | 6177 | 432 | 5745 |
| 11 | 1970493/ 12.4.23 | ശാരദ, സൌമ്യ സജീവ്& ശ്രീകാന്ത് ധനഞ്ജയൻ | 84.78 (പാർപ്പിടാവശ്യം) | 4239 | 297 1230100733/ 4.8.23 | 3942 |
| 12 | 1974150/ 10.4.23 | സുധീഷ് എസ് | 163.31 (പാർപ്പിടാവശ്യം) | 16331 | 1143 230100059/ 17.4.23 | 15188 |
| 13 | 1853437/ 23.6.23 | സേവ്യർ വർഗീസ് | 63.31 (പാർപ്പിടാവശ്യം) | 24225 | 1696 230100639/ 14.7.23 | 22529 |
| 14 | 1887744/ 24.6.23 | ജിങ്കിൾ ജോസഫ് | 94.07 (പാർപ്പിടാവശ്യം) | 4704 | 329 | 4375 |
| 15 | 2002203/ 2.5.23 | സുനിമോൾ | 73.05 (പാർപ്പിടാവശ്യം) | 3653 | 511 1230100306/ 17.5.23 | 3142 |
| ആകെ | | | | | | 152701/- |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-31തീയതി 5.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ചിട്ടുള്ള വ്യക്തികളിൽ നിന്ന് നിയമാനുസൃത നിരക്ക് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. രസീതു പരിശോധനാവേളയിൽ ശ്രദ്ധയിൽപ്പെട്ട ടി പരാമർശം 23-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്.

1-19 പഴയ അങ്കണവാടി കെട്ടിടം -ലേല നടപടികളുടെ വിവരം ലഭ്യമാക്കിയില്ല

113-ാം നമ്പർ അങ്കണവാടി കെട്ടിടം (പഴയത്) പൊളിച്ചു നീക്കുന്നതിനായി 25.1.23-തീയതിയിലെ സാധാരണ മീറ്റിംഗിലെ 4(1) നമ്പർ തീരുമാന പ്രകാരം സർവ്വേ റിപ്പോർട്ട് തയ്യാറാക്കി, ലേല നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചതിൻ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ സർവ്വേ റിപ്പോർട്ട് പ്രകാരം (50/2023 തീയതി 3.2.23) കെട്ടിട അവശിഷ്ടങ്ങൾക്ക് 23344 രൂപ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. ആയതുപ്രകാരം ലേലനടപടികൾ സ്വീകരിച്ച് തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/3.11.23) മറുപടി ലഭ്യമാക്കിയില്ല. ലേലനടപടി സ്വീകരിച്ച് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഫ്യൂവൽ സ്റ്റേഷന്റെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തിയില്ല

സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷന്റെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്/സ്ഥാപനം | പരിഗണിച്ച തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|
| ടോമി തോമസ് തോംസൺ ഫ്യൂവൽസ്,ഉറവൂർ | 56 ച.മി. | 2240 |

മുകളിൽ സൂചിപ്പിച്ച ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയ വസ്തുനികുതിയിൽ ഉൾപ്പെടുന്നുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-32/5.11.23)മറുപടി ലഭ്യമാക്കിയില്ല.

മുകളിൽ സൂചിപ്പിച്ച ഫ്യൂവൽ സ്റ്റേഷന്റെ കാനോപ്പി ഏരിയ വസ്തുനികുതിയിൽ ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച്, ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അവയുടെ തറവിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്.

## 1-21 സാമൂഹ്യ ക്ഷേമ പെൻഷൻ - മരണശേഷവും ബാങ്ക് അക്കൌണ്ടിലേക്ക് തുക നൽകി

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ദേശസാൽകൃത ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല എന്നു കാണുന്നു. തന്മൂലം ദേശസാൽകൃത ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്നവരുടെ അക്കൌണ്ടിലേക്ക് പെൻഷണറുടെ മരണശേഷവും തുക വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര്/മേൽവിലാസം | പെൻഷൻ തരം /ഐ.ഡി | മരിച്ച തിയതി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കെ.കെ വേണുഗോപാലൻ | വാർദ്ധക്യകാല പെൻഷൻ 615444544882 | 9.8.22 | 9/2022 – 11/2022 (1600*3) 4800/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2 | വൽസ്യൻ പിള്ള | വാർദ്ധക്യകാല പെൻഷൻ 717423952759 | 30.7.22 | 8/2022 -6/2023 (600*11) 6600/-രൂപ | “ |
| 3 | രത്നവല്ലി | വാർദ്ധക്യകാല പെൻഷൻ 613881219455 | 6.2.23 | 3/2023-6/2023 (600*4) 2400/-രൂപ | “ |
| 4 | ത്രേസ്യ | വാർദ്ധക്യകാല പെൻഷൻ 384237526097 | 6.2.23 | 3/2023-6/2023 (600*4) 2400/-രൂപ | ” |
| ആകെ | | | | | 16200/- |

മേൽ അപാകത അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(33/7.11.23) മറുപടി ലഭ്യമാക്കിയില്ല. മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 16200/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-22 പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ സഹകരണ ബാങ്കിൽ അവശേഷിക്കുന്നു

സേവന സോഫ്റ്റ് വെയർ പ്രകാരമുള്ള പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സസ്പെന്റ് ചെയ്യപ്പെടുന്നതുവരെയുള്ള കാലയളവിൽ തുക സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് കൈമാറിയിട്ടുള്ളതായും ടി തുക ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | രാധാമണി | 18.9.22 | വാർദ്ധക്യകാല പെൻഷൻ 503332120756 | 10/2022-4/2023 വരെ 11200/-രൂപ | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 2 | പണിക്കൻ | 6.9.22 | കർഷക തൊഴിലാളി പെൻഷൻ 432534770156 | 10/2022-6/2023 വരെ 14400/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 3 | അന്നമ്മ കുര്യൻ | 7.9.2022 | വാർദ്ധക്യകാല പെൻഷൻ 636861323208 | 10/2022-6/2023 വരെ 14400/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 4 | രവിന്ദ്രൻ | 5.9.2022 | വാർദ്ധക്യകാല പെൻഷൻ 686274613735 | 10/2022-3/2023 വരെ 9600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 5 | ജാനകി | 28.6.2022 | കർഷക തൊഴിലാളി പെൻഷൻ 656821998072 | 7/2022-9/2022 വരെ 4800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 6 | പരമേശ്വരൻ | 7.6.2022 | വാർദ്ധക്യകാല പെൻഷൻ 969408985855 | 7/2022-9/2022 വരെ 4800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |

| | | | | | |
|---|---|---|---|---|---|
| 7 | ലക്ഷ്മി | 7.7.2022 | വാർദ്ധക്യകാല പെൻഷൻ 307348330998 | 8/2022-9/2022 വരെ 3200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 8 | വി വി.മാത്യൂ | 28.1.23 | വാർദ്ധക്യകാല പെൻഷൻ 375764820239 | 2/20223 6/2023വരെ 8000/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 9 | ചന്ദ്രമതി | 29.1.23 | കർഷക തൊഴിലാളി പെൻഷൻ 210930961586 | 2/2023-3/2023 വരെ 3200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 10 | കൃഷ്ണൻ സുരേന്ദ്രൻ | 19.1.2023 | വാർദ്ധക്യകാല പെൻഷൻ 937510235705 | 2/2023-3/2023 വരെ 3200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 11 | സരസ്വതിയമ്മ | 21.2.2023 | വാർദ്ധക്യകാല പെൻഷൻ 908955138359 | 3/2023-6/2023 വരെ 6400/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 12 | രവി | 19.2.2023 | വാർദ്ധക്യകാല പെൻഷൻ 766088911304 | 3/2023-1600/ | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 13 | ചന്ദ്രിക | 30.1.2023 | വാർദ്ധക്യകാല പെൻഷൻ 541283996041 | 2/2023-3/2023 വരെ 3200/ | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |

പ്രസ്തുത കാലയളവിൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ലാത്തതും എന്നാൽ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിവരങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക്(33/7.11.23) മറുപടിയായി വിതരണം നടത്താത്ത തുക തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം,ഹെഡ് ഓഫീസ് ബ്രാഞ്ചിലെ 110110801000251 (ഐ.എഫ്.എസ്.സി കോഡ്-KSBK0000101) നമ്പർ അക്കൌണ്ടിലേക്ക് അടക്കുന്നതാണെന്ന് അറിയിച്ചു. വിതരണം ചെയ്യപ്പെടാത്ത തുക തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 പൊതുടാപ്പ് ഒഴിവാക്കുന്നതിനായി തുക ഒടുക്കി- പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവഹണം:- സെക്രട്ടറി

പ്രോജക്ട് നം. S0229/2023

പ്രോജക്ടിന്റെ പേര്: പൊതുടാപ്പ് ഒഴിവാക്കുന്നതിനായി തുക അടവാക്കുക

അടങ്കൽ, ചെലവ്- 130900/രൂപ (തനത് ഫണ്ട് )

(ചെക്ക് നം.5892544 തീയതി.14.03.2023)

ഉറവൂർ ഗ്രാമ പഞ്ചായത്തിലെ എല്ലാ വീടുകൾക്കും ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ അനുവദിച്ചിരിക്കുന്നതിനാൽ ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്ത്

വെള്ളക്കരം കുറവ് ചെയ്യുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ആയതിലേയ്ക്ക് പ്രസ്തുത ചെക്ക് വഴി 130900/-രൂപ വാട്ടർ അതോറിറ്റിയുടെ അക്കൌണ്ടിലേയ്ക്ക് കൈമാറിയെങ്കിലും (UTR No.RBI0762356037551) നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്തിട്ടില്ലാത്തതിനാൽ വാട്ടർ അതോറിറ്റി ഭീമമായ തുക ഗ്രാമ പഞ്ചായത്തിന് പ്രതിമാസം വെള്ളക്കരമിനത്തിൽ ഡിമാന്റ് ചെയ്ത് കൊണ്ടിരിക്കുകയാണ്. പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് പഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 130900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. [ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീയതി.02.11.2023) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.]

1-24 ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയില്ല- കരാറുകാരന് അധിക തുക അനുവദിച്ചു

തുറവൂർ ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പുത്തൻചന്ത എൽ.പി സ്കൂൾ ക്ലാസ് റൂം വയറിംഗ് എന്ന പദ്ധതിയുടെ കരാറുകാരനായ കെ.ഐ.അജിത്ത് പ്രസാദ്, കൊല്ലംപറമ്പിൽ എസ്റ്റിമേറ്റ് തുകയേക്കാൾ 16.5% കുറവ് നിരക്കിൽ പ്രവൃത്തി ചെയ്യാമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത്. ടിയാളുടെ ടെണ്ടർ പഞ്ചായത്ത് കമ്മറ്റിയുടെ 11.01.2022-ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുമുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ അന്തിമ ബിൽ അനുവദിച്ചപ്പോൾ കരാറുകാരൻ വാഗ്ദാനം ചെയ്ത ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്താതിരുന്നത് മൂലം പഞ്ചായത്തിന് 9454/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | S0080/23 |
| പ്രോജക്ടിന്റെ പേര് | : | പുത്തൻചന്ത എൽ.പി സ്കൂൾ ക്ലാസ് റൂം വയറിംഗ് |
| നിർവ്വഹണം | : | സെക്രട്ടറി |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.കെ.ഐ.അജിത് പ്രസാദ് |
| അടങ്കൽ | | 59347/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | | 59347/- രൂപ<br>ട്രഷറി ബിൽ നം.1 തീയതി.11.05.2022 |
| കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് | | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 16.5% കുറവ് |
| ആകെ വേലമൂല്യം | | 51155/-രൂപ |
| ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്യേണ്ട തുക (16.5%) | | 8441/- രൂപ |
| കരാറുകാരന് അധികമായി അനുവദിച്ച തുക (12% ജി.എസ്.ടി ഉൾപ്പെടെ) | | 9454/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.9 തീയതി. 02.11.2023) മറുപടി ലഭ്യമാക്കിയില്ല. അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി അനുവദിച്ച 9454/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടച്ച് വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

1-25 യഥാസമയം വെള്ളക്കരം ഒടുക്കിയില്ല- ഫൈൻ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നല്കി

നിർവഹണം:- സെക്രട്ടറി

1.പ്രോജക്ട് നം.S0228/23

പ്രോജക്ടിന്റെ പേര്: വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ

അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1130554/രൂപ

ചെലവ്- 1130554/രൂപ

(ട്രഷറി ബിൽ നം.31തീയതി.14.03.2023- 1130554/-രൂപ)

2.പ്രോജക്ട് നം.S0079/23

പ്രോജക്ടിന്റെ പേര്: വെള്ളക്കരം അടവാക്കൽ

അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -625480/രൂപ

ചെലവ്- 288888/രൂപ

(ട്രാൻസാക്ഷൻ ഐ.ഡി-S18282483 (PFMS/DSC/R032306521032)

തുറവൂർ ഗ്രാമ പഞ്ചായത്തിലെ 2022 ഏപ്രിൽ മാസം മുതൽക്കുള്ള പൊതുടാപ്പുകളുടെ വാട്ടർ ചാർജ് തനത് ഫണ്ടിൽ മതിയായ ബാലൻസുണ്ടായിരുന്നിട്ടും യഥാസമയം ഒടുക്കിയിരുന്നില്ല. 2022 ഡിസംബർ മാസത്തെ ഡിമാന്റ് നോട്ടീസ് (നം.69331 തീയതി.07.12.2022) പ്രകാരം കുടിശ്ശിക അടക്കം ആകെ 1475558/-രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നു. തുടർന്ന് കേരള വാട്ടർ അതോറിറ്റി ആലപ്പുഴ പി.എച്ച് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസിൽ നിന്നുള്ള 24.01.2023-ലെ KWA/PHC /ALP/A2/69/2013 Vol.IV നമ്പർ കത്ത് പ്രകാരം തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ വെള്ളക്കരം കുടിശ്ശിക തുകയിൽ നിന്നും പലിശയിൽ ഇളവ് നല്കി 1419442/-രൂപ പതിനഞ്ച് ദിവസത്തിനകം അടയ്ക്കുന്ന പക്ഷം ബാക്കി തുക ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിരുന്നു. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ മേൽ രണ്ട് പദ്ധതികൾ പ്രകാരം ആകെ 1419442/-രൂപ തുറവൂർ ഗ്രാമ പഞ്ചായത്തിലെ 2022 ഡിസംബർ മാസം വരെയുള്ള വെള്ളക്കരവും ഫൈനും ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ആകെ 314 പൊതുടാപ്പുകളുടെ 9 മാസത്തെ വെള്ളക്കരമിനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ബാധ്യത 1363077/-രൂപ മാത്രമാണ് (പ്രതിമാസം 151453/-രൂപ). ബാക്കി വരുന്ന 56365/-രൂപ (1419442-1363077) ഫൈൻ ഇനത്തിലുള്ളതാണ്. ഫൈൻ ഇനത്തിൽ പഞ്ചായത്തിന് ബാധ്യത വന്നത് യഥാസമയം വെള്ളക്കരം ഒടുക്കാതിരുന്നത് മൂലമാണ്. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയ്ക്ക് നൽകേണ്ട തുക തനത് ഫണ്ട്/പൊതു ആവശ്യ ഫണ്ട് എന്നിവയിൽ നിന്നും നൽകേണ്ട ആദ്യം ഇനം ആക്കേണ്ടതും തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയെ അറിയിച്ചുകൊണ്ട് ഇത് യഥാസമയം അടക്കേണ്ട ബാധ്യത പഞ്ചായത്ത് സെക്രട്ടറിക്കാണെന്നും ഇതിൽ വീഴ്ച വരുത്തുന്നതു മൂലം വരുന്ന ഫൈൻ ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയാണെന്നും സ.ഉ(കൈ)നം.119/2022/LSGD തീ.06.06.2022-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത് പഞ്ചായത്തിന്റെ ബാധ്യതയല്ല മറിച്ച് തനത് ഫണ്ടിൽ മതിയായ ബാലൻസുണ്ടായിട്ടും യഥാസമയം വാട്ടർ ബിൽ ഒടുക്കാൻ നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണ്. ഫൈൻ ഇനത്തിലുള്ള തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നല്കിയ നടപടി തെറ്റാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി.02.11.2023) പലിശയിൽ ഇളവ് നല്കിയെന്ന വാട്ടർ അതോറിറ്റിയുടെ കത്തിലെ വാചകം പലിശ പൂർണമായും ഒഴിവാക്കിയെന്ന് ധരിച്ചാണ് തുക ഒടുക്കിയതെന്നും, ഫൈൻ ഇനത്തിൽ നല്കിയ തുക

തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി നല്കി. വാട്ടർ അതോറിറ്റിയിൽ നിന്നും തുക ലഭ്യമാകുന്നില്ലായെങ്കിൽ ഫൈൻ ഇനത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച 56365/-രൂപ (1419442-1363077) പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-26 വിവാഹധനസഹായം- അധിക നിരക്കിൽ തുക നല്കി

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്-വിവാഹ ധനസഹായം എസ്.സി

പ്രോജക്ട് നം.S0097/23

അടങ്കൽ- വികസന ഫണ്ട് എസ്.സി.പി-1247210/-രൂപ, തനത് ഫണ്ട്- 27790/-രൂപ, ആകെ- 1275000/-രൂപ

ചെലവ്- 1225000/-രൂപ

(1.ട്രഷറി ബിൽ നം.5/22-23 തീയതി. 30.08.2022- 150000/-രൂപ

2.ട്രഷറി ബിൽ നം.6/22-23 തീയതി. 16.09.2022- 625000/-രൂപ

3.ട്രഷറി ബിൽ നം.9/22-23 തീയതി. 10.01.2023- 125000/-രൂപ

4.ട്രഷറി ബിൽ നം.18/22-23 തീയതി. 17.03.2023- 250000/-രൂപ

5.ട്രഷറി ബിൽ നം.19/22-23 തീയതി. 17.03.2023- 75000/-രൂപ)

ഉറവൂർ ഗ്രാമ പഞ്ചായത്തിൽ തൻവർഷം പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം ഇനത്തിൽ 8 ഗുണഭോക്താക്കൾക്ക് 125000/-രൂപ നിരക്കിലും, 3 ഗുണഭോക്താക്കൾക്ക് 75000/-രൂപ നിരക്കിലും ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.115/2022/LSGD തീയതി. 28.05.2022 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.1 പ്രകാരം പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹത്തിന് 75000/-രൂപ നിരക്കിൽ ധനസഹായം നല്കുന്നതിന് അനുവദിച്ചിരുന്നു. പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് നല്കി വരുന്ന വിവാഹധനസഹായം 75000/-രൂപയിൽ നിന്നും 125000/- വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ (സ.ഉ(കൈ)നം.43/2022/പ.ജാ.പ.വ.വി.വ തീയതി.30.08.2022) തദ്ദേശ സ്വയംഭരണ വകുപ്പ് 26.10.2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.2593/2022/LSGD പ്രകാരം പ്രസ്തുത ധനസഹായം 125000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള ധനസഹായം 15.10.2022-ന ശേഷം നടക്കുന്ന വിവാഹത്തിനാണ് ബാധകമായിരിക്കുന്നതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഈ പദ്ധതി പ്രകാരം 125000/-രൂപ വീതം ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കളുടെ വിവാഹം 15.10.2022-ന് മുൻപായിരുന്നുവെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് /രക്ഷിതാവിന്റെ പേര് | വിവാഹ തീയതി/ സർട്ടിഫിക്കറ്റ് നം. തീ | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | അഹല്യ വേണു/ സിന്ധു.സി | 11.02.2022 34099/2022 /03.06.2022 | 125000 | 75000 | 50000 |
| 2 | ശരണ്യമോൾ.കെ.എസ്/ ലാലു.കെഎം | 08.05.2022 400398/CRCM01 | 125000 | 75000 | 50000 |

| | | | | | |
|---|---|---|---|---|---|
| | | /GPO/2022/709/ 02.06.2022 | | | |
| 3 | അർച്ചന.എ/സന്തോഷ് | 21.08.2022 400398/CRCM01 /GPO/2022/2146/ 29.08.2022 | 125000 | 75000 | 50000 |
| 4 | അഞ്ജന.എസ്.വിജയൻ/ വിജയൻ.പി.വി | 25.03.2022 7/2022/ 25.03.2022 (Sub Registrar Pattanakkad) | 125000 | 75000 | 50000 |
| 5 | ആർഷ സാജൻ / പ്രതീക്ഷ | 28.04.2022 400398/CRCM01 /GPO/2022/527/ 18.05.2022 | 125000 | 75000 | 50000 |
| | ആകെ | | 625000 | 375000 | 250000 |

15.10.2022-ന് മുൻപ് നടന്ന വിവാഹങ്ങൾക്ക് 125000/-രൂപ നിരക്കിൽ വിവാഹധനസഹായം നല്കാൻ അനുവദിച്ച് സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനും അനുമതിയില്ലായെങ്കിൽ സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി കൂടിയ നിരക്കിൽ ധനസഹായം അനുവദിക്കാനുണ്ടായ കാരണം ഓഡിറ്റിൽ അറിയിക്കുന്നതിനുമായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23 തീയതി.04.11.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി അധികമായി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി കൈപ്പറ്റിയ തുക (250000/-രൂപ) തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതായി നിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-27 വീട് വാസയോഗ്യമാക്കൽ-വാല്യൂവേഷനിലും അധികരിച്ച് തുക നൽകി

പ്രോജക്ടിന്റെ പേര് : വാസയോഗ്യമല്ലാത്ത വീട് വായോഗ്യമാക്കൽ (എസ്സ് സി) -സ്പിൽ ഓവർ (S0052/23)

നിർവ്വഹണം -വി.ഇ.ഒ തുറവൂർ സർക്കിൾ

അടങ്കൽ: 1,50,000(എസ്.സി.പി)

ചെലവ്: 1,50,000(എസ്.സി.പി)

BRN 90450/10.5.2022,1,50,000/-

സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ എസ്.സി വിഭാഗത്തിൽപ്പെട്ടവരുടെ ഭവന പുനരുദ്ധാരണത്തിനായി ഒരോ ഗുണഭോക്താവിനും 1,50,000/- രൂപ വീതം വകയിരുത്തിയതിൽ ആദ്യ ഗഡു 75000/- രൂപ കൈപ്പറ്റിയിട്ടുള്ള രണ്ട് ഗുണഭോക്താക്കൾക്കാണ് തൻവർഷം അവസാനഗഡു ആനുകൂല്യം നൽകിയിട്ടുള്ളത്. ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. പങ്കജം,തെക്കേവെളിയിൽ(വീട് നം.14/365) എന്ന ഗുണഭോക്താവിന് എൽ.എസ്. ജി. ഡി ഓവർസീയർ തയ്യാറാക്കിയ വാല്യൂവേഷൻ പ്രകാരം വീട് വാസയോഗ്യമാക്കുന്ന പ്രവൃത്തിക്കായി ആകെ ചെലവ് 100142/- രൂപയാണ്. ആയത് പ്രകാരം മുൻ വർഷം നൽകിയ 75000/- രൂപ കിഴിച്ച് ടിയാൾക്ക് തൻ വർഷം നൽകേണ്ടിയിരുന്ന തുക

25142/- രൂപയാണ്. എന്നാൽ ടിയാൾക്ക് രണ്ടാം ഗഡു തുകയായി 75000/- രൂപ തന്നെ മേൽ ബിൽ പ്രകാരം നൽകി. വാല്യുവേഷനിലും അധികം തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/03.11.2023) ലഭ്യമാക്കിയ മറുപടിയിൽ, 2022-23 വർഷം പട്ടികജാതി വിഭാഗക്കാർക്കായി രണ്ട് പദ്ധതികൾ ഉണ്ടായിരുന്നതായും സ്പിൽ ഓവർ പദ്ധതിയുടെ തുക 150000/- രൂപയും പുതിയ പദ്ധതിയുടെ തുക 100000/- രൂപയും ആയിരുന്നു. മാർച്ചിലെ തിരക്ക് മൂലം എഞ്ചിനീയറിംഗ് വിഭാഗത്തിന് ടി തുകകൾ തമ്മിൽ മാറിപ്പോയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി നൽകി. കൂടാതെ പുതുക്കിയ വാല്യുവേഷനും സമർപ്പിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കേണ്ട വാല്യുവേഷൻ മാറിപ്പോയതാണ് എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വാല്യുവേഷനിൽ അധികരിച്ച് ടി ഗുണഭോക്താവിന് അധികം നൽകിയ 49858/- രൂപ(150000-100142) തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-28 തുല്യതാ പരീക്ഷ-ഒരേ പഠിതാക്കൾക്കായി ഒന്നിലധികം തവണ തുക അനുവദിച്ചു

നിർവ്വഹണം- ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്, ഉറവൂർ

1.പ്രോജക്ടിന്റെ പേര് : തുല്യതാ പരീക്ഷാ ഫീസ് ഇളവ്(S0136/23)

അടങ്കൽ 50,000(വികസനഫണ്ട് ജനറൽ)

ചെലവ് 49700 (BRN 94514/27.01.2023,49700/-)

2.പ്രോജക്ടിന്റെ പേര് : തുല്യതാ പരീക്ഷ ഫീസ് ഇളവ് Spill Over(S0048/23)

അടങ്കൽ 49700(വികസനഫണ്ട് ജനറൽ)

ചെലവ് 49700 (BRN 64447/29.4.2022,49700/-)

മേൽ പദ്ധതികളിൽ ഓരോന്നിലും തുല്യതാ പരീക്ഷയ്ക്കായി കോഴ്സ്ഫീസ്/രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ പത്താംതരത്തിൽ ഒരു പഠിതാവിന് 1850/- രൂപ വീതം 12 പേർക്ക് 22200/- രൂപയും ഹയർസെക്കന്ററി ഒന്നാം വർഷം ഒരു പഠിതാവിന് 2500/- രൂപ നിരക്കിൽ 11 പഠിതാക്കൾക്ക് 27500/- രൂപയും ഉൾപ്പെടെ 49700 രൂപ വീതം മേൽ ബില്ലുകൾ പ്രകാരം സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പഠിതാക്കളുടെ അപേക്ഷ/രജിസ്ട്രേഷൻ രേഖകൾ എന്നിവ ഫയലിൽ ഉണ്ട്. ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) തൻവർഷം നടപ്പിലാക്കിയ പദ്ധതിയിൽ പത്താം തരം തുല്യത പരീക്ഷയ്ക്ക് (ബാച്ച് നം 16) 12 പേർക്കായി ചെലവഴിച്ച തുകയിൽ അഞ്ചുമോൾ സി.എം(രജിസ്ട്രേഷൻ നം.372134/10.4.2022) എന്ന പഠിതാവിന്റ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റും അപേക്ഷാ ഫോമും ഫയലിൽ ഉണ്ട്. ഇവ രണ്ടും വ്യത്യസ്ത അപേക്ഷകരായി പരിഗണിച്ച് 1850/- രൂപ വീതം രണ്ടു തവണ ഈ പഠിതാവിനായി ചെലവഴിച്ചു. കൂടാതെ സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിലും(ബാച്ച് നം 16) ഇതേ പഠിതാവിന്റെ പേരിൽ തുക (1850/- രൂപ) ചെലവഴിച്ചിട്ടുണ്ട്.

ബി) തൻവർഷം നടപ്പിലാക്കിയ പദ്ധതിയിൽ പത്താം തരം തുല്യത പരീക്ഷയ്ക്കായി(ബാച്ച് നം 16) രജിസ്റ്റർ ചെയ്ത ശ്രീനാഥ് പി(രജിസ്ട്രേഷൻ നം.400910/10.4.2022) എന്ന പഠിതാവിന് തുക അനുവദിച്ചു. സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിലും ഇതേ പഠിതാവിന്റെ പേരിൽ 1850/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സി) തൻവർഷം നടപ്പിലാക്കിയ പദ്ധതിയിൽ ഹയർ സെക്കന്ററി ഒന്നാം വർഷം തുല്യത പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്ത(ബാച്ച് നം 7) കൊച്ചുത്രേസ്യ കെ എസ് (രജിസ്ട്രേഷൻ നം.380113/10.4.2022) എന്ന പഠിതാവിന് കോഴ്സ്ഫീസ്/രജിസ്ട്രേഷൻ ഫീസിനത്തിൽ 2500/- രൂപ അനുവദിച്ചു. സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിലും ഇതേ പഠിതാവിന്റെ പേരിൽ 2500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഡി)പഠിതാക്കൾക്കായി ക്ലാസ്സുകൾ നടത്തിയതിന്റെ ഹാജർ, അതുപോലെ പരീക്ഷ എഴുതിയവരുടേയോ,

വിജയിച്ചവരുടെയോ പേരുവിവരങ്ങൾ, സർട്ടിഫിക്കറ്റ് തുടങ്ങിയവ ഫയലിൽ ലഭ്യമല്ല.

ഒരേ പഠിതാവിന് തന്നെ ഒന്നിൽ കൂടുതൽ തവണ രജിസ്ട്രേഷനായി തുക ചെലവാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/01.11.2023) ലഭ്യമാക്കിയ മറുപടിയിൽ, ടി പഠിതാക്കൾക്ക് പകരം മറ്റ് മൂന്ന് പുതിയ പഠിതാക്കളെ പത്താം തരത്തിൽ പരിഗണിച്ചതായും, ഒരു പുതിയ പഠിതാവിനെ പന്ത്രണ്ടാം തരത്തിൽ പരിഗണിച്ചതായും അറിയിച്ചു. എന്നാൽ ഒരേ ബാച്ചിലുള്ള ഒരു ഗുണഭോക്താവിന് തന്നെ ഒന്നിലധികം തവണ തുക ചെലവഴിച്ചിട്ടുള്ളതിന് പകരം പകരക്കാരെ പരിഗണിച്ചുവെന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പത്താം തരം തുല്യത പരീക്ഷയ്ക്ക് (ബാച്ച് നം 16)ൽ ഉൾപ്പെട്ട അഞ്ജുമോൾ സി എം (രജിസ്ട്രേഷൻ നം.372134/10.4.2022) എന്ന പഠിതാവിന് 3 തവണ 1850 /-രൂപ വീതം അനുവദിച്ചതിൽ അധികമായി 2 തവണ അനുവദിച്ച 1850*2=3700/- രൂപയും ശ്രീനാഥ് പി(രജിസ്ട്രേഷൻ നം.400910/10.4.2022) എന്ന പഠിതാവിന് 2 തവണയായി അനുവദിച്ച 3700 രൂപയിൽ അധികമായി അനുവദിച്ച 1850 രൂപയും കൊച്ചുത്രേസ്യ കെ എസ് (രജിസ്ട്രേഷൻ നം.380113/10.4.2022) എന്ന പഠിതാവിന് 2 തവണയായി അനുവദിച്ച 5000/- രൂപയിൽ അധികമായി അനുവദിച്ച 2500/- രൂപയും ഉൾപ്പെടെ ആകെ 8050/- രൂപയുടെ ചെലവ് (3700+1850+2500) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കി അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. രണ്ട് പ്രോജക്ടുകളിലുമായി നിരാകരിച്ച 8050/- രൂപ കിഴിച്ച് ശേഷിക്കുന്ന 91,350/- രൂപയുടെ ചെലവ് (99400-8050) വിനിയോഗ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

1-29 കാലിത്തീറ്റ വിതരണം -അധിക തുക സബ്സിഡി നൽകി

പ്രോജക്ടിന്റെ പേര്- ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കൽ(S0093/23)

നിർവ്വഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ -3ലക്ഷം (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് - 299963

ടി പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ, കാലിത്തീറ്റയ്ക്ക് നൽകിയ യഥാർത്ഥവിലയുടെ 50% തുക സബ്സിഡി നൽകേണ്ടതിന് പകരം MRP യുടെ 50% തുക സബ്സിഡി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷീരസംഘം | ഒരു ബാഗ് വാങ്ങുന്നതിന് ക്ഷീരസംഘം നൽകിയ തുക | ഒരു ബാഗിന്റെ MRP | സബ്സിഡി നിരക്കിൽ വിതരണം നടത്തിയ ബാഗുകളുടെ എണ്ണം | വിതരണം നടത്തിയ ബാഗുകൾക്ക് 50% നിരക്കിൽ നൽകേണ്ടിയിരുന്ന സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| പടിഞ്ഞാറെ മനക്കോടം | 1283 | 1385 | 48 | 30792/- | 33240 | 2448 |
| തുറവൂർ | 1420 | 1550 | 70 | 49700 | 54250 | 4550 |
| ക്ഷീരോല്പാദക സംഘം | 1300 | 1400 | 64 | 41600 | 44800 | 3200 |

| | | | | | | |
|---|---|---|---|---|---|---|
| വളമംഗലം | 1300 | 1400 | 120 | 78000 | 84000 | 6000 |
| മനക്കോടം | 1420 | 1550 | 50 | 35500 | 38750 | 3250 |
| ആകെ | | | | | | 19448 |

അധിക തുക സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 15/03.11.2023) മറുപടി നൽകിയില്ല. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ യഥാർത്ഥ ചെലവിന് അനുസരിച്ച് മാത്രം സബ്സിഡി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അധികം നൽകിയ 19448/- രൂപ ബന്ധപ്പെട്ട ക്ഷീരസംഘങ്ങളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

ബിൽ റഫറൻസ് നം. 30239/11.1.23, 33240/-, 352558/15.3.23, 9323/-, 1030232/11.1.23, 99050/-, 1368152/15.3.23, 26023/-, 1206722/17.2.23, 84000/-, 1352582/15.3.23, 23280/-, 1280819/02.3.23, 20000/-, 1394949/16.33.23, 5047/-

## 1-30 ഐ.കെ.എം-വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവഹണം- സെക്രട്ടറി

പ്രോജക്ട് നം.S0113/23

പ്രോജക്ടിന്റെ പേര്. ഐ.കെ.എം-വിഹിതം

അടങ്കൽ- വികസന ഫണ്ട് -109843/-രൂപ

ചെലവ്-109843/-രൂപ

(1.ബിൽ നം.13 തീയതി.04.09.2022- 102310/-രൂപ

2.ബിൽ നം.34 തീയതി.22.03.2022- 7533/-രൂപ)

മേൽ ട്രഷറി ബിൽ പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 109843/-രൂപ ഐ.കെ.എം വിഹിതമിനത്തിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീയതി.02.11.2023) ലഭ്യമാക്കിയ മറുപടിയോടൊപ്പം ഐ.കെ.എം തുക കൈപ്പറ്റിയ കത്ത് ഹാജരാക്കി. പ്രസ്തുത കത്തിൽ വിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കി വരുന്നതേയുള്ളുവെന്നും പൂർത്തിയായാലുടനെ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (109843/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായാലുടൻ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-31 വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ- ഉപകരണങ്ങൾ വാങ്ങിയെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര് – ദർശിക പദ്ധതി (S0130/23)

അടങ്കൽ – 886980/-(വികസന ഫണ്ട്-ജനറൽ)

ചെലവ് – 886980/-

ഗ്രാമ പഞ്ചായത്തിലെ വനിത ശിശു സമഗ്ര സുരക്ഷ ലക്ഷ്യമാക്കിയുള്ള ടി പദ്ധതി പ്രകാരം ജാഗ്രതാ സമിതികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ ഉടങ്ങുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി പ്രവർത്തനക്ഷമമാക്കുക എന്നിവയ്ക്കാണ് തുക

വകയിരുത്തിയിരിക്കുന്നത്. ഫിറ്റ്നെസ്സ് സെന്ററിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഒളിമ്പിക് സ്പോർട്സ്, ചേർത്തല എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും വികസനഫണ്ടിൽ നിന്നും 498950/- രൂപ (BRN 1573740/31.3.2023) സ്ഥാപനത്തിന് നൽകുകയും ഉപകരണങ്ങൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, നിലവിൽ ഉപകരണങ്ങൾ സ്ഥാപിച്ച് ഫിറ്റ്നെസ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഫിറ്റ്നെസ്സ് സെന്റർ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താതെയും വ്യക്തമായ മുന്നൊരുക്കങ്ങൾ ഇല്ലാതെയുമാണ് പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചിട്ടുള്ളത്. നിലവിൽ ഈ ഉപകരണങ്ങൾ ഒരു കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം-24/04.11.2023) മറുപടിയിൽ, പ്രവർത്തനം തുടങ്ങുന്നതിനുള്ള കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ ചെയ്യുന്നതിനായി 2023-24 വർഷം പ്രോജക്ട് എടുത്ത് ടെക്നിക്കൽ സാങ്ഷൻ ലഭിച്ചിട്ടുള്ളതാണെന്നും ടി പ്രവൃത്തി ഉടൻ പൂർത്തീകരിച്ച് ഫിറ്റ്നെസ് സെന്ററിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണെന്നും അറിയിച്ചു. പ്രസ്തുത സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 498950/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ സ്ഥാപിച്ച് ഫിറ്റ്നെസ്സ് സെന്റർ പ്രവർത്തനക്ഷമമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

<u>ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തില്ല</u>

പ്രോജക്ട് ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഒളിമ്പിക് സ്പോർട്സ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ചരക്ക് സേവന നികുതി ഉറവിടത്തിൽ കുറവ് ചെയ്തതിട്ടില്ല. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 13.09.2018ലെ വിജ്ഞാപനം നം.50/2018 Central Tax പ്രകാരം ജി.എസ്.ടി കിഴിവ് നടത്തുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ 01.10.2018 മുതൽ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനുശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2,50,000/- രൂപയിൽ അധികമായാൽ സ്രോതസ്സിൽനിന്നും ജി.എസ്.ടി 2% കിഴിവ് ചെയ്യേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും 8457/- രൂപ ജി എസ് ടി ഈടാക്കേണ്ടതായിരുന്നെങ്കിലും ഈടാക്കിയിട്ടില്ല. ഒളിമ്പിക് സ്പോർട്സ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും 2% നിരക്കിൽ ചരക്ക് സേവന നികുതി ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.25/04.11.2023) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം ജി.എസ്.ടി അടവാക്കിയ രേഖകൾ ഹാജരാക്കിയതായി അറിയിച്ചു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ 2% നിരക്കിൽ ചരക്ക് സേവന നികുതി ഉറവിടത്തിൽ കുറവ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>1-32 കന്നുകാലികൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും- പൂർണമായും വിതരണം ചെയ്തില്ല</u>

നിർവഹണം- വെറ്ററിനറി സർജൻ

പ്രോജക്ടിന്റെ പേര്- കന്നുകാലികൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും

പ്രോജക്ട് നം.S0149/23

അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)-205000/-രൂപ

തനത് ഫണ്ട്- 200/-രൂപ

ആകെ- 205200/-രൂപ

ചെലവ്- 205200/-രൂപ

(1.ബിൽ നം.3 തീയതി. 16.03.2023-131396/-രൂപ

2.ബിൽ നം.7 തീയതി. 28.03.2023- 73604/-രൂപ

3.ചെക്ക് നം.848754 തീയതി. 28.03.2023- 200/-രൂപ)

കന്നുകാലികൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കർണാടക ആന്റിബയോട്ടിക്സ് & ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ധാതുലവണ മിശ്രിതവും വിരമരുന്നും വാങ്ങിയിട്ടുണ്ട്. കിലോഗ്രാമിന് 112/- രൂപ നിരക്കിൽ 1368 കി.ഗ്രാം ധാതുലവണ മിശ്രിതമാണ് തൻവർഷം വാങ്ങിയിട്ടുള്ളത്. വിതരണ രേഖകൾ പരിശോധിച്ചതിൽ ഇൻവോയിസ് നം.CHN-2023102879 തീയതി.23.03.2023 പ്രകാരം വാങ്ങിയ 424 കി.ഗ്രാം ധാതുലവണ മിശ്രിതത്തിൽ 261 കി.ഗ്രാം ധാതുലവണ മിശ്രിതം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് കാണുന്നു. വിതരണത്തിനായി വാങ്ങിയ 163 കി.ഗ്രാം ധാതുലവണ മിശ്രിതം വിതരണം ചെയ്യാതവശേഷിക്കുന്നതിന്റെ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11 തീയതി. 02.11.2023) മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന ധാതുലവണ മിശ്രിതം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ 18256/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-33 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തീകരിച്ചില്ല

നിർവഹണം- വെറ്ററിനറി സർജൻ

പ്രോജക്ടിന്റെ പേര്-പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പ്രോജക്ട് നം.S0148/23

അടങ്കൽ- വികസന ഫണ്ട്-375000/-രൂപ

ഗുണഭോക്തൃ വിഹിതം - 375000/-രൂപ

ആകെ- 750000/-രൂപ

ചെലവ്- 375000/-രൂപ

(1.ട്രഷറി ബിൽ നം.2/22-23 തീയതി. 25.01.2023)

2022-23 സാമ്പത്തിക വർഷത്തെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 30 ഗുണഭോക്താക്കൾക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും, സംസ്ഥാന വിഹിതവും ചേർത്തുള്ള തുക 375000/-രൂപ മേൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, ആലപ്പുഴയുടെ പേരിലുള്ള ട്രഷറി അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലായെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11 തീയതി.02.11.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 375000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-34 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ (S0126/23)

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ: 500250/-(5 ലക്ഷം വികസനഫണ്ട് ജനറൽ, 250 തനത് ഫണ്ട്)

ചെലവ്: 500250/-

ബിൽ റഫറൻസ് നം.145638 /06.2.23, 480649/-

ബിൽ റഫറൻസ് നം. 1384490 /17.3.23, 19351/-

ചെക്ക് നം. 848739/22.3.23, 250/-

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എംഎസ്) നം. 115/2022/തസ്വഭവ, തീയതി.28.5.2022) പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും 60 വയസ്സിൽ താഴെയുള്ള ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350 രൂപയിൽ അധികരിക്കാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ മുൻവർഷങ്ങളിലെ പോലെ നിശ്ചിത വരുമാനപരിധിയിൽ താഴെയുള്ള 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് 120 കട്ടിലുകൾ വാങ്ങി വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ നിരാലംബരാണെന്നോ, ശയ്യാവലംബരാണെന്നോ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം -26/04.11.2023) മറുപടിയിൽ, 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകൾ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് തന്നെ ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നുവെന്നും പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു നൽകിയ ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ട വയോജനങ്ങൾക്കാണ് കട്ടിൽ നല്കിയതെന്നും തുടർ വർഷങ്ങളിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ആനുകൂല്യം നല്കുമ്പോൾ സബ്സിഡി മാർഗരേഖയിൽ നിർദേശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അർഹരായവരെ കണ്ടെത്തി ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-35 മെൻസ്ട്രൽ കപ്പ്- വിതരണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ടിന്റെ പേര് – മെൻസ്ട്രൽ കപ്പ് വിതരണം(S0206/23)

അടങ്കൽ – 690250/-(വി.ഫണ്ട്-ജനറൽ, തനത് ഫണ്ട് 250)

ചെലവ് – 690000/-

(BRN.1127651/02.2.2023,430000,BRN.1358133/15.3.2023,260000)

ടി പദ്ധതി പ്രകാരം പഞ്ചായത്തിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വിതരണം നടത്തുന്നതിനായി ആലപ്പുഴ ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും 290 രൂപ നിരക്കിൽ 2380 മെൻസ്ട്രൽ കപ്പുകൾ വാങ്ങി, അവ വിതരണം ചെയ്യുന്നതിനായി പഞ്ചായത്തിന് കീഴിലുള്ള 5 സബ്സെന്ററുകൾക്ക് നൽകിയിട്ടുണ്ട്. സബ്സെന്ററുകളിലെ വിതരണ രേഖകൾ പരിശോധിച്ചതിൽ 637 എണ്ണം ഇപ്പോഴും വിതരണം നടത്തിയിട്ടില്ലാത്തതായി കാണുന്നു. വിതരണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 28/04.11.2023) ലഭ്യമാക്കിയ മറുപടിയിൽ, സബ്സെന്റർ മുഖേന അർഹരായ മുഴുവൻ ആളുകൾക്കും ഉടൻ വിതരണം നടത്തുന്നതാണെന്ന് അറിയിച്ചു. പ്രസ്തുത സാഹചര്യത്തിൽ വിതരണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി വിതരണം ചെയ്യാൻ ബാക്കിനിൽക്കുന്ന 637 മെൻസ്ട്രൽ കപ്പുകളുടെ വിലയായ 184730/- രൂപയുടെ (637 X 290) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-36 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പ്രോജക്ട് -പൂർത്തീകരിച്ചില്ല

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം - (S0075/23)

അടങ്കൽ - 54000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവുവിവരം - 21600/- (BRN -നമ്പർ-22060652014500138202/26.5.22)

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രോജക്ടിനായി തൻവർഷം 21600 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക അഭിരാമി.എ. എന്ന വ്യക്തിയ്ക്ക് പ്രാഥമിക സർവ്വേ പൂർത്തീകരിച്ചതിനായി നല്കിയതായി കാണുന്നു. പദ്ധതിയുടെ നിലവിലെ അവസ്ഥ/പൂർത്തീകരണ വിവരം വിശദമാക്കുന്നതിനായി നല്കിയ

ഓഡിറ്റ് എൻക്വയറിക്ക് (18/3.11.23) മറുപടിയായി ആദ്യഘട്ടം പൂർത്തീകരിച്ചപ്പോഴാണ് മേൽ തുക ചെലവഴിച്ചതെന്നും രണ്ടാം ഘട്ടം പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ, സോഫ്റ്റ്‌വെയർ അപ്ഡേഷൻമൂലം താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ്.

1-37 കുളം കല്ലുകെട്ടി സംരക്ഷിക്കൽ എസ്.സി.ഓഡിറ്റോറിയം -പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നം - S0216/23
നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ-എക്സൽഷർ എന്റർപ്രൈസസ്
അടങ്കൽ - 11,70,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവുവിവരം - 531624/-(Tran. ID S6762062/28.3.23)
കരാർ നം-134/22-23/AE/LSGD/TVR/AG തീയതി-4.3.23

കുളം കല്ലുകെട്ടി സംരക്ഷിക്കൽ എസ്.സി. ഓഡിറ്റോറിയം എന്ന പ്രവൃത്തിയുടെ ഭാഗമായി എസ്റ്റിമേറ്റ് ഐറ്റം -3(2.8.1) -പ്രകാരം എർത്ത് വർക്ക് എസ്കവേഷന്റെ ഭാഗമായി 147.84 $M^3$, എസ്റ്റിമേറ്റ് ഐറ്റം -4(2.6.1) പ്രകാരം 34.80 $M^3$ മണ്ണും (E-M-Book ക്രമനം.2,3 സ്പെസിഫിക്കേഷൻ 2.81 & 2.61) കുഴിച്ചെടുത്തിട്ടുണ്ട്. ടി പ്രവൃത്തി 14.3.23 ന് അസിസ്റ്റന്റ് എഞ്ചിനീയർ റെക്കോർഡ് ചെയ്തിട്ടുള്ളതും 15.3.23 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുമുണ്ട്. ഇപ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (28/4.11.23) മറുപടിയായി പ്രവൃത്തി ഭാഗികമായാണ് പൂർത്തീകരിച്ചതെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗവിവരം രേഖപ്പെടുത്തുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് എം.ബുക്കിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

1-38 ടാർ ബാരൽ വിലയും ജി.എസ്.ടിയും കുറവു ചെയ്യുന്നത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിക്കപ്പെടുന്നത് അതേ ഫണ്ടിലേയ്ക്ക് തന്നെയാണ് തിരിച്ചടയ്ക്കേണ്ടതും.ആയതിനാൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ടാർ വാങ്ങിയ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ബാരൽ വില ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടി | ചെലവുവിവരം |
|---|---|---|---|---|
| കളരിയ്ക്കൽ വെളീപ്പറമ്പ് റോഡ് | വികസനഫണ്ട് (ജനറൽ) | 3372 | 607 | 399000/- ബിൽ റഫറൻസ് നം.22060652014501216754/ |

| | | | | |
|---|---|---|---|---|
| മെറ്റലിംഗം ടാറിംഗം(ടാ 161/23) | | | | 21.2.23. 12270/- Ch.no.364153333/ 12.4.23 – ബില്ലിൽ കുറവു ചെയ്യാൻ വിട്ടുപോയത് ചെക്കു മുഖേന സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| ഇണ്ടംതുരുത്ത് ന്യൂവോയിസ് റോഡ് മെയിന്റനൻസ്(ടാ 159/23) | വികസനഫണ്ട് (ജനറൽ) | 3935 | 708 | 332749/- ബിൽ റഫറൻസ് നം-220606520145O1298789/6.3.23. 12270/- Ch.no.364153333/12.4.23 – ബില്ലിൽ കുറവു ചെയ്യാൻ വിട്ടുപോയത് ചെക്കു മുഖേന സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| പ്രതിഭ ഇല്ലിക്കൽ റോഡ് മെറ്റലിംഗം ടാറിംഗം(ടാ 165/23) | വികസനഫണ്ട് (ജനറൽ) | 3092 | 556 | 391148/- ബിൽ റഫറൻസ് നം-22060652014501357120/ 15.3.23. 12270/- Ch.no.364153333/ 12.4.23 – ബില്ലിൽ കുറവു ചെയ്യാൻ വിട്ടുപോയത് ചെക്കു മുഖേന സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| ആലുങ്കൽ മൂന്നുകണ്ടം റോഡ് മെയിന്റനൻസ് (So 152/23) | മെയിന്റനൻസ് ഫണ്ട് റോഡ് | 2530 | 455 | 499828/-ബിൽ റഫറൻസ് നം.22060652014501448817/ 23.3.23 |
| മന്നത്ത് ക്ഷേത്രം പുളിത്തറക്കടവ് റോഡ് മെയിന്റനൻസ് (So 168/23) | മെയിന്റനൻസ് ഫണ്ട് റോഡ് | 2810 | 506 | 495041/-ബിൽ റഫറൻസ് നം.22060652014501448826/ 23.3.23 |
| ആകെ | | 15739 | 2832 | |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/3.11.23) മറുപടിയായി സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 18571 രൂപയിൽ ടാർ ബാരൽ വിലയായ 10399രൂ. വികസനഫണ്ട്(ജനറൽ), 5340 രൂ. മെയിന്റനൻസ് ഫണ്ട് റോഡ് അക്കൗണ്ടിലേയ്ക്കും, കാലി വീപ്പയുടെ ജി.എസ്.ടി ഇനത്തിൽ കുറവുചെയ്ത 2832രൂ. ജി.എസ്.ടി വകുപ്പിലേയ്ക്കും അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, റിട്ടേണുകളും പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കി ഈടാക്കിയപ്പോൾ കുറവ് വന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | തസ്തിക | ആകെ അർദ്ധ വാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| മിൽമ,പട്ടണക്കാട് | അനിൽ കുമാർ റ്റി ജി | 2 | ഹെഡ് ലോഡ് വർക്കർ | 192664 | 1250 | 750 | 500 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/3.11.2023), മേൽ സൂചിപ്പിച്ച ജീവനക്കാരന്റെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 500/- രൂപ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കി ഒടുക്ക് വരുത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

### 2-2 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ, 1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടത്തിലെ ചട്ടം 18,19 പട്ടിക 3 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസി/ സ്ഥാപനം | വാർഡ്/കെട്ടിട നം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | ഗംഗാധരൻ നായർ സൂര്യാ ട്രേഡേഴ്സ് | 4/537 | 7.5HP (അപേക്ഷ പ്രകാരം) | 100 |
| 2 | സേവ്യർ കിച്ചൺ കബോർഡ് | 3/300A | 7.5HP (അപേക്ഷ പ്രകാരം) | 100 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം | | | |
| 3 | മധു റ്റി എ വെൽഡിംഗ് വർക്ക് ഷോപ്പ് | 7/279 B | 5 HP | 50 |
| 4 | കുമാരൻ ഫർണ്ണിച്ചർ നിർമ്മാണം | 10/245A | അപേക്ഷയിൽ യന്ത്രത്തിന്റെ കുതിര ശക്തി രേഖപ്പെടുത്തിയിട്ടില്ല. | മര ഉരുപ്പടികളുടെ നിർമ്മാണത്തിന് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉണ്ടായിരിക്കേ മോട്ടർ റണ്ണിംഗ്ഫീസ് ഈടാക്കിയിട്ടില്ല |
| 5 | ശുഭ കെ എസ് കൃഷ്ണാ ഫ്ലോർ മിൽ | 13/102A | 10 Hp | 100 |
| | ആകെ | | | 350 |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/4.11.23) കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കുറവ് വന്ന 350/-രൂപ ഫീസും ഹോഴ്സ് പവർ കൃത്യമായി രേഖപ്പെടുത്താത്തവയുടെ ഹോഴ്സ് പവർ നിജപ്പെടുത്തി ബാധകമായ ഫീസ് ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവാഹധനസഹായം- അധിക നിരക്കിൽ തുക നല്കി

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റിന്റെ പേര്-വിവാഹ ധനസഹായം എസ്.സി

പ്രോജക്റ്റ് നം.S0097/23

അടങ്കൽ- വികസന ഫണ്ട് എസ്.സി.പി-1247210/-രൂപ, തനത് ഫണ്ട്- 27790/-രൂപ, ആകെ-1275000/-രൂപ

ചെലവ്- 1225000/-രൂപ

(1.ട്രഷറി ബിൽ നം.5/22-23 തീയതി. 30.08.2022- 150000/-രൂപ

2.ട്രഷറി ബിൽ നം.6/22-23 തീയതി. 16.09.2022- 625000/-രൂപ

3.ട്രഷറി ബിൽ നം.9/22-23 തീയതി. 10.01.2023- 125000/-രൂപ

4.ട്രഷറി ബിൽ നം.18/22-23 തീയതി. 17.03.2023- 250000/-രൂപ

5.ട്രഷറി ബിൽ നം.19/22-23 തീയതി. 17.03.2023- 75000/-രൂപ)

ഉറവൂർ ഗ്രാമ പഞ്ചായത്തിൽ തൻവർഷം പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം ഇനത്തിൽ 8 ഗുണഭോക്താക്കൾക്ക് 125000/-രൂപ നിരക്കിലും, 3 ഗുണഭോക്താക്കൾക്ക് 75000/-രൂപ നിരക്കിലും ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.115/2022/LSGD തീയതി. 28.05.2022 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗരേഖ

ഖണ്ഡിക 7.2.1 പ്രകാരം പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹത്തിന് 75000/-രൂപ നിരക്കിൽ ധനസഹായം നല്കുന്നതിന് അനുവദിച്ചിരുന്നു. പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് നല്കി വരുന്ന വിവാഹ ധനസഹായം 75000/- രൂപയിൽ നിന്നും 125000/- വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ (സ.ഉ(കൈ)നം.43/2022/പ.ജാ.പ.വ.വി.വ തീയതി.30.08.2022) തദ്ദേശ സ്വയംഭരണ വകുപ്പ് 26.10.2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.2593/2022/LSGD പ്രകാരം പ്രസ്തുത ധനസഹായം 125000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള ധനസഹായം 15.10.2022-നു ശേഷം നടക്കുന്ന വിവാഹത്തിനാണ് ബാധകമായിരിക്കുന്നതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഈ പദ്ധതി പ്രകാരം 125000/-രൂപ വീതം ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കളുടെ വിവാഹം 15.10.2022-ന് മുൻപായിരുന്നുവെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/രക്ഷിതാവിന്റെ പേര് | വിവാഹ തീയതി/ സർട്ടിഫിക്കറ്റ് നം. തീയതി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | അഹല്യ വേണു/ സിന്ധു.സി | 11.02.2022<br>34099/2022 /03.06.2022 | 125000 | 75000 | 50000 |
| 2 | ശരണ്യമോൾ.കെ.എസ്/ ലാലു.കെഎം | 08.05.2022<br>400398/CRCM01 /GPO/2022/709/ 02.06.2022 | 125000 | 75000 | 50000 |
| 3 | അർച്ചന.എ/സന്തോഷ് | 21.08.2022<br>400398/CRCM01 /GPO/2022/2146/ 29.08.2022 | 125000 | 75000 | 50000 |
| 4 | അഞ്ജന.എസ്.വിജയൻ/ വിജയൻ.പി.വി | 25.03.2022<br>7/2022/ 25.03.2022 (Sub Registrar Pattanakkad) | 125000 | 75000 | 50000 |
| 5 | ആർഷ സാജൻ / പ്രതീക്ഷ | 28.04.2022<br>400398/CRCM01 /GPO/2022/527/ 18.05.2022 | 125000 | 75000 | 50000 |
| | ആകെ | | 625000 | 375000 | 250000 |

15.10.2022-ന് മുൻപ് നടന്ന വിവാഹങ്ങൾക്ക് 125000/-രൂപ നിരക്കിൽ വിവാഹധനസഹായം നല്കാൻ അനുവദിച്ച് സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനും അനുമതിയില്ലായെങ്കിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൂടിയ നിരക്കിൽ ധനസഹായം അനുവദിക്കാനുണ്ടായ കാരണം ഓഡിറ്റിൽ അറിയിക്കുന്നതിനുമായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23 തീയതി.04.11.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികമായി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി കൈപ്പറ്റിയ തുക (250000/-രൂപ) തിരികെ ഈടാക്കേണ്ടതാണ്.

അല്ലാത്തപക്ഷം നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതായി നിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

3-2 ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയില്ല- കരാറുകാരന് അധിക തുക അനുവദിച്ചു

തുറവൂർ ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പുത്തൻചന്ത എൽ.പി സ്കൂൾ ക്ലാസ് റൂം വയറിംഗ് എന്ന പദ്ധതിയുടെ കരാറുകാരനായ കെ.ഐ.അജിത്ത് പ്രസാദ്, കൊല്ലംപറമ്പിൽ എസ്റ്റിമേറ്റ് തുകയേക്കാൾ 16.5% കുറവ് നിരക്കിൽ പ്രവൃത്തി ചെയ്യാമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത്. ടിയാളുടെ ടെണ്ടർ പഞ്ചായത്ത് കമ്മറ്റിയുടെ 11.01.2022-ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുമുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ അന്തിമ ബിൽ അനുവദിച്ചപ്പോൾ കരാറുകാരൻ വാഗ്ദാനം ചെയ്ത ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്താതിരുന്നത് മൂലം പഞ്ചായത്തിന് 9454/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | S0080/23 |
| പ്രോജക്ടിന്റെ പേര് | : | പുത്തൻചന്ത എൽ.പി സ്കൂൾ ക്ലാസ് റൂം വയറിംഗ് |
| നിർവ്വഹണം | : | സെക്രട്ടറി |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.കെ.ഐ.അജിത് പ്രസാദ് |
| അടങ്കൽ | | 59347/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | | 59347/- രൂപ<br>ട്രഷറി ബിൽ നം.1 തീയതി.11.05.2022 |
| കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് | | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 16.5% കുറവ് |
| ആകെ വേലമൂല്യം | | 51155/-രൂപ |
| ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്യേണ്ട തുക (16.5%) | | 8441/- രൂപ |
| കരാറുകാരന് അധികമായി അനുവദിച്ച തുക (12% ജി.എസ്.ടി ഉൾപ്പെടെ) | | 9454/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.9 തീയതി. 02.11.2023) മറുപടി ലഭ്യമാക്കിയില്ല. അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി അനുവദിച്ച 9454/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-3 വീട് വാസയോഗ്യമാക്കൽ-വാല്യുവേഷനിലും അധികരിച്ച് തുക നൽകി

പ്രോജക്ടിന്റെ പേര് : വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (എസ്സ് സി) -സ്പിൽ ഓവർ(S0052/23)

നിർവ്വഹണം -വി.ഇ.ഒ തുറവൂർ സർക്കിൾ

അടങ്കൽ: 1,50,000(എസ്.സി.പി)

ചെലവ്: 1,50,000(എസ്.സി.പി)

BRN 90450/10.5.2022,1,50,000/-

സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിനായി 1,50,000/- രൂപ വകയിരുത്തിയതിൽ ആദ്യ ഗഡു 75000/- രൂപ വീതം കൈപ്പറ്റിയിട്ടുള്ള രണ്ട് ഗുണഭോക്താക്കൾക്കാണ് തൻവർഷം അവസാനഗഡു ആനുകൂല്യം നൽകിയിട്ടുള്ളത്. ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. പങ്കജം, തെക്കേവെളിയിൽ(വീട് നം.14/365) എന്ന ഗുണഭോക്താവിന് എൽ.എസ്.ജി.ഡി ഓവർസിയർ തയ്യാറാക്കിയ വാല്യുവേഷൻ പ്രകാരം വീട് വാസയോഗ്യമാക്കുന്ന പ്രവൃത്തിക്കായി ആകെ ചെലവ് 100142/- രൂപയാണ്. ആയത് പ്രകാരം ടിയാൾക്ക് തൻ വർഷം നൽകേണ്ടിയിരുന്ന തുക 25142/- രൂപയാണ്. എന്നാൽ ടിയാൾക്ക് രണ്ടാം ഗഡു തുകയായി 75000/- രൂപ തന്നെ മേൽ ബിൽ പ്രകാരം നൽകി. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/03.11.2023) ലഭ്യമാക്കിയ മറുപടിയിൽ, 2022-23 വർഷം പട്ടികജാതി വിഭാഗക്കാർക്കായി രണ്ട് പദ്ധതികൾ ഉണ്ടായിരുന്നതായും സ്പിൽ ഓവർ പദ്ധതിയുടെ തുക 150000/- രൂപയും പുതിയ പദ്ധതിയുടെ തുക 100000/- രൂപയും ആയിരുന്നു. മാർച്ചിലെ തിരക്ക് മൂലം എഞ്ചിനീയറിംഗ് വിഭാഗത്തിന് ടി തുകകൾ തമ്മിൽ മാറിപ്പെയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി നൽകി. കൂടാതെ പുതുക്കിയ വാല്യുവേഷനും സമർപ്പിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കേണ്ട വാല്യുവേഷൻ മാറിപ്പോയതാണ് എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വാല്യുവേഷനിൽ അധികരിച്ച് ടി ഗുണഭോക്താവിന് അധികം നൽകിയ 49858/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-4 തുല്യതാ പരീക്ഷ-ഒരേ പഠിതാക്കൾക്കായി ഒന്നിലധികം തവണ തുക അനുവദിച്ചു

നിർവ്വഹണം- ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്, തുറവൂർ

1.പ്രോജക്റ്റിന്റെ പേര് : തുല്യതാ പരീക്ഷാ ഫീസ് ഇളവ്(S0136/23)

അടങ്കൽ 50,000(വികസനഫണ്ട് ജനറൽ)

ചെലവ് 49700 (BRN 94514/27.01.2023,49700/-)

2.പ്രോജക്റ്റിന്റെ പേര് : തുല്യതാ പരീക്ഷ ഫീസ് ഇളവ് Spill Over(S0048/23)

അടങ്കൽ 49700(വികസനഫണ്ട് ജനറൽ)

ചെലവ് 49700 (BRN 64447/29.4.2022, 49700/-)

മേൽ പദ്ധതികളിൽ ഓരോന്നിലും തുല്യതാ പരീക്ഷയ്ക്കായി കോഴ്സ്ഫീസ്/രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ പത്താംതരത്തിൽ ഒരു പഠിതാവിന് 1850/- രൂപ വീതം 12 പേർക്ക് 22200/- രൂപയും ഹയർസെക്കന്ററി ഒന്നാം വർഷം ഒരു പഠിതാവിന് 2500/- രൂപ നിരക്കിൽ 11 പഠിതാക്കൾക്ക് 27500/- രൂപയും ഉൾപ്പെടെ 49700 രൂപ വീതം മേൽ ബില്ലുകൾ പ്രകാരം സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പഠിതാക്കളുടെ അപേക്ഷ/രജിസ്ട്രേഷൻ രേഖകൾ എന്നിവ ഫയലിൽ ഉണ്ട്. ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) തൻവർഷം നടപ്പിലാക്കിയ പദ്ധതിയിൽ പത്താം തരം തുല്യത പരീക്ഷയ്ക്ക് (ബാച്ച് നം 16) 12 പേർക്കായി ചെലവഴിച്ച തുകയിൽ അഞ്ജുമോൾ സി.എം(രജിസ്ട്രേഷൻ നം.372134/10.4.2022) എന്ന പഠിതാവിന്റ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റും അപേക്ഷാ ഫോമും ഫയലിൽ ഉണ്ട്. ഇവ രണ്ടും വ്യത്യസ്ത അപേക്ഷകരായി പരിഗണിച്ച് 1850/- രൂപ വീതം രണ്ടു തവണ ഈ പഠിതാവിനായി ചെലവഴിച്ചു. കൂടാതെ സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിലും(ബാച്ച് നം 16) ഇതേ പഠിതാവിന്റെ പേരിൽ തുക

(1850/- രൂപ) ചെലവഴിച്ചു.

ബി) തൻവർഷം നടപ്പിലാക്കിയ പദ്ധതിയിൽ പത്താം തരം തുല്യത പരീക്ഷയ്ക്കായി(ബാച്ച് നം 16) രജിസ്റ്റർ ചെയ്ത ശ്രീനാഥ് പി(രജിസ്ട്രേഷൻ നം.400910/10.4.2022) എന്ന പഠിതാവിന് തുക അനുവദിച്ചിട്ടുണ്ട്. സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിലും ഇതേ പഠിതാവിന്റെ പേരിൽ 1850/- രൂപ ചെലവഴിച്ചു.

സി) തൻവർഷം നടപ്പിലാക്കിയ പദ്ധതിയിൽ ഹയർ സെക്കന്ററി ഒന്നാം വർഷം തുല്യത പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്ത(ബാച്ച് നം 7) കൊച്ചുത്രേസ്യ കെ എസ് (രജിസ്ട്രേഷൻ നം.380113/10.4.2022) എന്ന പഠിതാവിന് കോഴ്സ്ഫീസ്/രജിസ്ട്രേഷൻ ഫീസിനത്തിൽ 2500/- രൂപ അനുവദിച്ചിട്ടുണ്ട്. സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിലും ഇതേ പഠിതാവിന്റെ പേരിൽ 2500/- രൂപ ചെലവഴിച്ചു.

ഡി)പഠിതാക്കൾക്കായി ക്ലാസ്സുകൾ നടത്തിയതിന്റെ ഹാജർ, അതുപോലെ പരീക്ഷ എഴുതിയവരുടേയോ, വിജയിച്ചവരുടെയോ പേരുവിവരങ്ങൾ, സർട്ടിഫിക്കറ്റ് തുടങ്ങിയവ ഫയലിൽ ലഭ്യമല്ല.

ഒരേ പഠിതാവിന് തന്നെ ഒന്നിൽ കൂടുതൽ തവണ രജിസ്ട്രേഷനായി തുക അടവാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/01.11.2023) ലഭ്യമാക്കിയ മറുപടിയിൽ, ടി പഠിതാക്കൾക്ക് പകരം മറ്റ് മൂന്ന് പുതിയ പഠിതാക്കളെ പത്താം തരത്തിൽ പരിഗണിച്ചതായും, ഒരു പുതിയ പഠിതാവിനെ പന്ത്രണ്ടാം തരത്തിൽ പരിഗണിച്ചതായും അറിയിച്ചു. എന്നാൽ ഒരേ ബാച്ചിലുള്ള ഒരു ഗുണഭോക്താവിന് തന്നെ ഒന്നിലധികം തവണ തുക ചെലവഴിച്ചിട്ടുള്ളതിന് പകരം പകരക്കാരെ പരിഗണിച്ചുവെന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പത്താം തരം തുല്യത പരീക്ഷയ്ക്ക് (ബാച്ച് നം 16)ൽ ഉൾപ്പെട്ട അഞ്ജുമോൾ സി എം (രജിസ്ട്രേഷൻ നം.372134/10.4.2022) എന്ന പഠിതാവിന് 3 തവണ 1850/-രൂപ വീതം അനുവദിച്ചതിൽ 2 തവണ അനുവദിച്ച 1850*2=3700/- രൂപയും ശ്രീനാഥ് പി(രജിസ്ട്രേഷൻ നം.400910/10.4.2022) എന്ന പഠിതാവിന് 2 തവണയായി അനുവദിച്ച 3700 രൂപയിൽ 1850 രൂപയും കൊച്ചുത്രേസ്യ കെ എസ് (രജിസ്ട്രേഷൻ നം.380113/10.4.2022) എന്ന പഠിതാവിന് 2 തവണയായി അനുവദിച്ച 5000/- രൂപയിൽ 2500/- രൂപയും ഉൾപ്പെടെ ആകെ 8050/- രൂപയുടെ ചെലവ് (3700+1850+2500) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കി അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-5 കാലിത്തീറ്റ വിതരണം - അധിക തുക സബ്സിഡി നൽകി

പ്രോജക്ടിന്റെ പേര് - ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കൽ (S0093/23)

നിർവ്വഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ -3 ലക്ഷം (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് - 299963

ടി പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ, കാലിത്തീറ്റയ്ക്ക് നൽകിയ യഥാർത്ഥവിലയുടെ 50% തുക സബ്സിഡി നൽകേണ്ടതിന് പകരം MRP യുടെ 50% തുക സബ്സിഡി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷീരസംഘം | ഒരു ബാഗ് വാങ്ങുന്നതിന് ക്ഷീരസംഘം നൽകിയ തുക | ഒരു ബാഗിന്റെ MRP | സബ്സിഡി നിരക്കിൽ വിതരണം നടത്തിയ ബാഗുകളുടെ | വിതരണം നടത്തിയ ബാഗുകൾക്ക് 50% നിരക്കിൽ | നൽകിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | എണ്ണം | നൽകേണ്ടിയിരുന്ന സബ്സിഡി | | |
| പടിഞ്ഞാറെ മനക്കോടം | 1283 | 1385 | 48 | 30792/- | 33240 | 2448 |
| ഉറവൂർ ക്ഷീരോല്പാദക സംഘം | 1420 | 1550 | 70 | 49700 | 54250 | 4550 |
| | 1300 | 1400 | 64 | 41600 | 44800 | 3200 |
| വളമംഗലം | 1300 | 1400 | 120 | 78000 | 84000 | 6000 |
| മനക്കോടം | 1420 | 1550 | 50 | 35500 | 38750 | 3250 |
| ആകെ | | | | | | 19448 |

അധിക തുക സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 15/03.11.2023) മറുപടി നൽകിയില്ല. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ യഥാർത്ഥ ചെലവിന് അനുസരിച്ച് മാത്രം സബ്സിഡി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അധികം നൽകിയ 19448/- രൂപ ബന്ധപ്പെട്ട ക്ഷീരസംഘങ്ങളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

ബിൽ റഫറൻസ് നം. 30239/11.1.23, 33240/-, 352558/15.3.23, 9323/-, 1030232/11.1.23, 99050/-, 1368152/15.3.23, 26023/-, 1206722/17.2.23, 84000/-, 1352582/15.3.23, 23280/-, 1280819/02.3.23, 20000/-, 1394949/16.33.23, 5047/-

## 3-6 യഥാസമയം വെള്ളക്കരം ഒടുക്കിയില്ല- ഫൈൻ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നല്കി

നിർവഹണം:- സെക്രട്ടറി

1.പ്രോജക്ട് നം.S0228/23

പ്രോജക്ടിന്റെ പേര്: വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ

അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1130554/-രൂപ

ചെലവ്- 1130554/-രൂപ

(ട്രഷറി ബിൽ നം.31തീയതി.14.03.2023- 1130554/-രൂപ)

2.പ്രോജക്ട് നം.S0079/23

പ്രോജക്ടിന്റെ പേര്: വെള്ളക്കരം അടവാക്കൽ

അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -625480/-രൂപ

ചെലവ്- 288888/-രൂപ

(ട്രാൻസാക്ഷൻ ഐ.ഡി-S18282483 (PFMS/DSC/R032306521032)

ഉറവൂർ ഗ്രാമ പഞ്ചായത്തിലെ 2022 ഏപ്രിൽ മാസം മുതൽക്കുള്ള പൊതുടാപ്പുകളുടെ വാട്ടർ ചാർജ് തനത് ഫണ്ടിൽ മതിയായ ബാലൻസുണ്ടായിരുന്നിട്ടും യഥാസമയം ഒടുക്കിയിരുന്നില്ല. 2022 ഡിസംബർ മാസത്തെ ഡിമാന്റ് നോട്ടീസ് (നം.69331 തീയതി.07.12.2022) പ്രകാരം കുടിശ്ശിക അടക്കം ആകെ 1475558/-രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നു. തുടർന്ന് കേരള വാട്ടർ അതോറിറ്റി ആലപ്പുഴ പി.എച്ച് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസിൽ നിന്നുള്ള 24.01.2023-ലെ KWA/PHC

/ALP/A2/69/2013 Vol.IV നമ്പർ കത്ത് പ്രകാരം തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ വെള്ളക്കരം കുടിശ്ശിക തുകയിൽ നിന്നും പലിശയിൽ ഇളവ് നല്കി 1419442/-രൂപ പതിനഞ്ച് ദിവസത്തിനകം അടയ്ക്കുന്ന പക്ഷം ബാക്കി തുക ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിരുന്നു. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ മേൽ രണ്ട് പദ്ധതികൾ പ്രകാരം ആകെ 1419442/-രൂപ തുറവൂർ ഗ്രാമ പഞ്ചായത്തിലെ 2022 ഡിസംബർ മാസം വരെയുള്ള വെള്ളക്കരവും ഫൈനും ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ആകെ 314 പൊതുടാപ്പുകളുടെ 9 മാസത്തെ വെള്ളക്കരമിനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ബാധ്യത 1363077/-രൂപ മാത്രമാണ് (പ്രതിമാസം 151453/-രൂപ). ബാക്കി വരുന്ന 56365/-രൂപ (1419442-1363077) ഫൈൻ ഇനത്തിലുള്ളതാണ്. ഫൈൻ ഇനത്തിൽ പഞ്ചായത്തിന് ബാധ്യത വന്നത് യഥാസമയം വെള്ളക്കരം ഒടുക്കാതിരുന്നത് മൂലമാണ്. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയ്ക്ക് നല്കേണ്ട തുക തനത് ഫണ്ട്/പൊതു ആവശ്യ ഫണ്ട് എന്നിവയിൽ നിന്നും നല്കേണ്ട ആദ്യം ഇനം ആക്കേണ്ടതും തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയെ അറിയിച്ചുകൊണ്ട് ഇത് യഥാസമയം അടക്കേണ്ട ബാധ്യത പഞ്ചായത്ത് സെക്രട്ടറിക്കാണെന്നും ഇതിൽ വീഴ്ച വരുത്തുന്നതു മൂലം വരുന്ന ഫൈൻ ബന്ധപ്പെട്ട് സെക്രട്ടറിയുടെ ബാധ്യതയാണെന്നും സ.ഉ(കൈ)നം.119/2022/LSGD തീയതി.06.06.2022-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത് പഞ്ചായത്തിന്റെ ബാധ്യതയല്ല മറിച്ച് തനത് ഫണ്ടിൽ മതിയായ ബാലൻസുണ്ടായിട്ടും യഥാസമയം വാട്ടർ ബിൽ ഒടുക്കാൻ നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണ്. ഫൈൻ ഇനത്തിലുള്ള തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നല്കിയ നടപടി തെറ്റാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി.02.11.2023) പലിശയിൽ ഇളവ് നല്കിയെന്ന വാട്ടർ അതോറിറ്റിയുടെ കത്തിലെ വാചകം പലിശ പൂർണമായും ഒഴിവാക്കിയെന്ന് ധരിച്ചാണ് തുക ഒടുക്കിയതെന്നും, ഫൈൻ ഇനത്തിൽ നല്കിയ തുക തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി നല്കി. വാട്ടർ അതോറിറ്റിയിൽ നിന്നും തുക ലഭ്യമാകുന്നില്ലായെങ്കിൽ ഫൈൻ ഇനത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച 56365/-രൂപ (1419442-1363077) പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 980000 | ലൈഫ് ഭവന പദ്ധതി | 980000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 284370 | ശാരീരിക മാനസിക വെല്ലുവിളി | 284370 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 400000 | പാലിന് സബ്സിഡി | 400000 | |
| ആകെ | | 1964370 | | 1964370 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4120000 | ലൈഫ് ഭവന പദ്ധതി | 4120000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | അംഗൻവാടി പോഷകാഹാരം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 288110 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 288110 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 85848 | അംഗൻവാടി നിർമ്മാണം | 85848 | 0 |
| ആകെ | | 4693958 | | 4693958 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതുടാപ്പ് വിച്ഛേദിക്കൽ | ചെക്ക് നം.5892544 തീയതി.14.03.2023 | 130900 | 0 | 130900 |
| കെ.എസ്.ഇ.ബി | ചൊങ്ങംതറ -മുട്ടംപുറം കാടാതുരുത്ത് ആര്യക്കര ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1.ബിൽ നം.24 തീയതി.30.01.2023-159510/-രൂപ 2.ചെക്ക് നം.848707 തീയതി.28.02.2023 | 160716 | 160716 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9490000 രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് | | 9490000 | 22896000 | 3596079 | 28789921 |

4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 400000 |
| തൻവർഷം നിക്ഷേപിച്ച തുക | 218407* |
| ആകെ | 618407 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 618407 |

*സ്ഥിര നിക്ഷേപത്തിന് 31.03.2023 വരെ ലഭിച്ച പലിശ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കാനറാ ബാങ്ക് (അക്കൌണ്ട് നം.3011401000788) | 06.01.2016 | 1 വർഷം | 618407 | ഓരോ വർഷവും ഓട്ടോ റിന്യൂവൽ |
| | ആകെ | | | 618407 | |

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.
(ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുക യഥാർത്ഥത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിലുള്ളതല്ല.)

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 71325457 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50551141 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 850 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ | : | 393175 |

| | | |
|---|---|---|
| അംഗീകരിക്കാത്ത തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1409029 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 500 | | ജയ.പി,സെക്രട്ടറി |
| 2-2 | 350 | | ജയ.പി,സെക്രട്ടറി |
| 3-1 | - | 250000 | ഫൗലാദ്.എ.എഫ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | - | 9454 | ജയ.പി, സെക്രട്ടറി |
| 3-3 | - | 49858 | സുനീഷ് കെ.ജെ,വി.ഇ.ഒ |
| 3-4 | - | 8050 | ബീനാറാണി ജി, ഹെഡ്മിസ്ട്രസ്സ് |
| 3-5 | - | 19448 | വിനീത് എൻ. ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-6 | | 56365 | ജയ.പി, സെക്രട്ടറി |
| ആകെ | 850 | 393175 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 130900 | ജയ.പി, സെക്രട്ടറി |
| 1-28 | 91350 | ബീനാറാണി ജി, ഹെഡ്മിസ്ട്രസ്സ് (45675/-രൂപ)<br>കലാവതി ആർ, ഹെഡ്മിസ്ട്രസ്സ് (45675/-രൂപ) |
| 1-30 | 109843 | ജയ.പി, സെക്രട്ടറി |
| 1-31 | 498950 | ശാലിമോൾ എം. ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

| | | |
|---|---|---|
| 1-32 | 18256 | മുഹമ്മദ് ഷിയാസ്<br>വെറ്ററിനറി സർജൻ |
| 1-33 | 375000 | മുഹമ്മദ് ഷിയാസ്<br>വെറ്ററിനറി സർജൻ |
| 1-35 | 184730 | രഞ്ജിത്ത് സി.മോനായി<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 1409029 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. രഞ്ജിത്ത് മോനായി.സി, മെഡിക്കൽ ഓഫീസർ, PHC | മെഡിക്കൽ ഓഫീസർ, PHC, തുറവൂർ | കാർത്തിക, തുറവൂർ പി.ഒ, ചേർത്തല |
| ശ്രീമതി.ജയ.പി, സെക്രട്ടറി | വിരമിച്ചു | ജയപ്രിയ, കലവൂർ പി.ഒ, ആലപ്പുഴ |
| ശ്രീ.ഫൌലാദ്.എ.എഫ്,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | ദാരുൾ അർഹം<br>നദുവത്ത് നഗർ.പി.ഒ<br>അരൂക്കുറ്റി, ആലപ്പുഴ |
| ശ്രീ.മുഹമ്മദ് ഷിയാസ്<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>തുറവൂർ ഗ്രാമ പഞ്ചായത്ത് | മൂത്തേരിൽ പടീട്ടതിൽ<br>അടിനാട് സൌത്ത്<br>കാട്ടിക്കടവ്.പി.ഒ<br>കരുനാഗപ്പള്ളി, കൊല്ലം |
| ശ്രീ.സുനീഷ് .കെ.ജെ,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ | തോട്ടുങ്കൽ ഹൌസ്,<br>തൈക്കൽ പി.ഒ, ചേർത്തല |
| ശ്രീമതി.ശാലിമോൾ.<br>എം.ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | എം.ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ,<br>തുറവൂർ ഗ്രാമ പഞ്ചായത്ത് | ശാലീയം,<br>പൊള്ളേത്തൈ.പി.ഒ.<br>ആലപ്പുഴ |
| ശ്രീ. വിനീത്.എൻ.<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ,<br>തുറവൂർ ഗ്രാമ പഞ്ചായത്ത് | ലക്ഷ്മണൻ പറമ്പ്,<br>തോട്ടപ്പള്ളി.പി.ഒ,<br>ആലപ്പുഴ |
| ശ്രീമതി.ബീനാറാണി ജി,<br>ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്,<br>ഗവ. എൽ.പി.എസ്. തുറവൂർ | കല്ലാരക്കൽ മഠം,<br>സി.എം.സി 29,<br>ചേർത്തല |

| | | |
|---|---|---|
| ശ്രീമതി.കലാവതി ആർ<br>ഹെഡ്മിസ്ട്രസ്സ് | വിരമിച്ചു | അജിത് നിവാസ്,<br>കളവംകോടം.പി.ഒ,<br>ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ<br>2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11 തീയതി, 17-01-12 |
| 2005-06 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ5-1577/13 തീയതി, 05-05-14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി2-123/121 തീയതി, 30-04-13 |
| 2012-13 | എൽ.എഫ്. എ പി 2-1038/14 തീയതി, 03-08-14/29-11-14 |
| 2013-14 & 2014-15 | കെ.എസ്.എ.എൽ.പി.പി 2-88/2016 തീയതി, 17-02-16 |
| 2015-16 | കെ.എസ്.എ.എൽ.പി.പി 2-1229/2022 തീയതി, 30.11.2022 |
| 2016-17 | കെ.എസ്.എ.എൽ.പി.പി 2-1229/2022 തീയതി, 30.11.2022 |
| 2017-18 | കെ.എസ്.എ.എൽ.പി.പി 2-1229/2022 തീയതി, 30.11.2022 |
| 2018-19 | കെ.എസ്.എ.എൽ.പി.പി 2-1229/2022 തീയതി, 30.11.2022 |
| 2019-20 | നം.കെ.എസ്.എ/എ.എൽ.പി/പി2-738/2020 തീയതി, 24.09.2021 |
| 2020-21 | നം.കെ.എസ്.എ/എ.എൽ.പി/പി2-732/2021 തീയതി, 24.09.2021 |
| 2021-22 | നം.കെ.എസ്.എ/എ.എൽ.പി/പി2-1067/2022 തീയതി, 30.09.2022 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 25-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thuravoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thuravoor Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Thuravoor Grama Panchayat for the Year 2022-2023 .

**1.Major Observations**

1.Discrepancies in carrying forward of the closing balance in respect of assets & liabilities detailed below

| Item | Closing Balance as per 2021-22 Balance sheet | Opening balance as per 2022-23 Trial Balance |
|---|---|---|
| 310900101- Excessof Income over Expenditure | (-)36967569 | (-)36967539.5 |
| 312109901- Capital Contribution | 103716036 | 102974035 |
| 320100196-Integrated Child | 262151 | 1004152 |

| | | |
|---|---|---|
| Development Scheme | | |
| 350300112-Government and other Dues payable -Value of Court fee stamp | 0 | 5 |
| 450210101-Nationalised Bank account of own revenue fund | 24521993 | 24522028 |

2.Non Disclosure of Assets

a).The land on which the Panchayat is located does not included in asset.

b).Interest received from fixed deposit does not included in asset.

**2.Other Observations**

1.The following mandatory statements prescribed in accounts rules are not submitted for audit
a).Cash flow statements
b).Notes to accounts
2.Cash flow statement- Net increase/Decrease in cash flow does not match with difference between the opening balance and closing balance of the cash & cash equivalents.
3.Misclasification of Receipt voucher-
a).Amount received in respect of Taxes wrongly accounted in the head of Audit recovery.
b).Amount received in respect of fine wrongly accounted in the head of Rent from Buildings
4.Lapses in making timely and accurate demand entries in respect of tax and non tax revenue
5.Rent from Shopping complex of certain building has not been included in demand.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്